# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഇലന്തൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: KSA/PTA/P5/1002/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 17/10/2023
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഇലന്തൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഇലന്തൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇലന്തൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA/PTA/P5/1002/23 തീയ്യതി: 17/10/2023

## പത്തനംതിട്ട ജില്ലയിലെ ഇലന്തൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ ഇലന്തൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-10-2022 മുതൽ 31-08-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 18-09-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി സ്നിഗ്ധ എസ്. | ഡെപ്യൂട്ടി ഡയറക്ടർ | 11-09-2023 | 18-09-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 11-09-2023 | 18-09-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ പ്രദീപ്കുമാർ എൻ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീ മഹേഷ് കുമാർ കെ.ആർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ ഷൈജു വൈ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ അരുൺ പി.ബി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ ഹരികുമാർ എസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി മേഴ്സി മാത്യൂ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ ജി.അനിൽകുമാർ | സെക്രട്ടറി | 01-04-2022 | 15-09-2022 |
| ശ്രീമതി മഞ്ചു ബി. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 15-09-2022 | 14-10-2022 |
| ശ്രീ സന്ദീപ് ജേക്കബ്ബ് | സെക്രട്ടറി | 15-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി മഞ്ചു ബി. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ഡോ.മഞ്ചു പി.കെ. | ആയുർവേദ മെഡിക്കൽ ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ.നയന എസ്. | മെഡിക്കൽ ഓഫീസർ | 01-04-2022 | 25-04-2022 |
| ഡോ.ഹിദായത്ത് അൻസാരി | മെഡിക്കൽ ഓഫീസർ | 26-04-2022 | 31-03-2023 |
| ശ്രീ നിഖിൽ കെ. | കൃഷി ഓഫീസർ | 01-04-2022 | 22-04-2022 |
| ശ്രീമതി നിമിഷ സാറാ ജയിംസ് | കൃഷി ഓഫീസർ | 23-04-2022 | 28-07-2022 |
| ശ്രീമതി സുചിത്ര എസ്. | കൃഷി ഓഫീസർ | 29-07-2022 | 31-03-2023 |
| ഡോ.നീത ജോയി വർഗ്ഗീസ് | വെറ്ററിനറി സർജ്ജൻ | 01-04-2022 | 31-03-2023 |
| ശ്രീ വിനോദ് വി. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി ക്ലാഡിയ എം.സി. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീമതി അനുമോൾ ആർ. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി വനജ | ഹെഡ് മിസ്ട്രസ്സ് | 01-04-2022 | 31-03-2023 |
| ഡോ.ശീതൾ സുഗതൻ | ഹോമിയോ മെഡിക്കൽ ഓഫീസർ | 01-04-2022 | 14-04-2022 |
| ഡോ.റോസ്ലിൻ | ഹോമിയോ മെഡിക്കൽ ഓഫീസർ | 15-04-2022 | 01-05-2022 |

| | | | |
|---|---|---|---|
| ഡോ.അനീഷ്യ എസ്.ആർ. | ഹോമിയോ മെഡിക്കൽ ഓഫീസർ | 02-05-2022 | 31-03-2023 |
| ശ്രീമതി സീനാ കുമാരി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 04-09-2022 |
| ശ്രീ ജലീം എസ്. | അസിസ്റ്റന്റ് എഞ്ചിനീയർ | 05-09-2022 | 02-10-2022 |
| ശ്രീമതി അണിമ സുഭാഷ് | അസിസ്റ്റന്റ് എഞ്ചിനീയർ | 03-10-2022 | 16-11-2022 |
| ശ്രീമതി ദീപ എം.ജെ. | അസിസ്റ്റന്റ് എഞ്ചിനീയർ | 17-11-2022 | 31-03-2023 |
| ശ്രീമതി സിന്ധു വി. | ഫിഷറീസ് ഓഫീസർ | 01-04-2022 | 29-10-2022 |
| ശ്രീ ശ്രീകുമാർ ജെ. | ഫിഷറീസ് ഓഫീസർ | 31-10-2022 | 31-12-2022 |
| ശ്രീമതി രഞ്ജിനി പി.കെ. | ഫിഷറീസ് ഓഫീസർ | 01-01-2023 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പര്‍ |
|---|---|---|
| 1 | ഓഡിറ്റ് സര്‍ട്ടിഫിക്കറ്റ് | 1-1 |
| 2 | ആസ്തികളുടെ മൂല്യനിര്‍ണയം; ക്രോഡീകരണം സമഗ്രമല്ല | 1-1-1 |
| 3 | അക്കൗണ്ടിംഗ് ചട്ടങ്ങള്‍ പ്രകാരമുള്ള എല്ലാ പത്രികകളും വാര്‍ഷിക കണക്കില്‍ ഉള്‍പ്പെട്ടിട്ടില്ല | 1-1-2 |
| 4 | കാപ്പിറ്റല്‍ വര്‍ക്ക് ഇന്‍ പ്രോഗ്രസ്സ്- നീക്കിയിരിപ്പ് തുകയ്ക്ക് കൃത്യതയില്ല | 1-1-3 |
| 5 | ക്യാഷ് ഫ്ലോ പത്രികയിലെ തുകകള്‍ തമ്മില്‍ പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | നികുതി/നികുതിയേതര വരുമാനങ്ങളുടെ ഡിമാന്റ് എന്‍ട്രികള്‍ സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല | 1-1-5 |
| 7 | വസ്തു നികുതി -സഞ്ചയ പ്രകാരമുള്ള വാര്‍ഷിക സംക്ഷിപ്തം വാര്‍ഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. | 1-1-6 |
| 8 | തെറ്റായി ബാധ്യത രേഖപ്പെടുത്തിയിരിക്കുന്നു | 1-1-7 |
| 9 | വാടക-ഡിമാന്റ് തുക കൃത്യമല്ല | 1-1-8 |
| 10 | ബജറ്റ് | 1-2 |
| 11 | സാമ്പത്തിക വിശകലനം | 1-3 |
| 12 | ഗ്രാന്റ് വിനിയോഗം | 1-4 |
| 13 | പദ്ധതി അവലോകനം | 1-5 |
| 14 | ദേശീയ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 15 | ക്ഷേമ പദ്ധതികള്‍ | 1-7 |
| 16 | ക്യാഷ് ബാലന്‍സ് പരിശോധന | 1-8 |
| 17 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 18 | മറ്റ് ഓഡിറ്റുകള്‍ നടത്തിയതിന്റെ വിവരം | 1-10 |
| 19 | തനത് വിഭവ സമാഹരണത്തിലെ കാര്യക്ഷമത | 1-11 |
| 20 | തൊഴില്‍ നികുതി പിരിവ് കാര്യക്ഷമമല്ല. | 1-12 |
| 21 | പഞ്ചായത്തില്‍ നിന്നുള്ള ലൈസന്‍സ് ഇല്ലാതെ സ്ഥാപനങ്ങള്‍ പ്രവര്‍ത്തിക്കുന്നു | 1-13 |
| 22 | രജിസ്ട്രേഷനില്ലാതെ പ്രൈവറ്റ് ഹോസ്പിറ്റലുകളും പാരാമെഡിക്കല്‍ സ്ഥാപനങ്ങളും പ്രവര്‍ത്തിക്കുന്നു | 1-14 |
| 23 | ലൈസന്‍സ് ഫീസ് ഈടാക്കിയതില്‍ കുറവ് | 1-15 |
| 24 | കശാപ്പുശാലയുടെ ലൈസന്‍സ് ഫീസ് നിശ്ചയിച്ചത് ചട്ടപ്രകാരമല്ല. | 1-16 |
| 25 | നിര്‍മ്മാണം പൂര്‍ത്തീകരിച്ച ഇലന്തൂര്‍ മാര്‍ക്കറ്റിലെ മീറ്റ് സ്റ്റാളില്‍ | 1-17 |

| | | |
|---|---|---|
| | പ്രവർത്തനമില്ല. | |
| 26 | പഞ്ചായത്തിന്റെ ആസ്തിയിലില്ലാത്ത ഭൂമിയിൽ അങ്കണവാടി കെട്ടിട നിർമ്മാണം - 2.53 ലക്ഷം രൂപ പാഴ്ചെലവായി. | 1-18 |
| 27 | മെയിന്റനൻസ് ഫണ്ട്- 87.19 ലക്ഷം രൂപ നഷ്ടപ്പെടുത്തി | 1-19 |
| 28 | വെള്ളക്കരം ഗ്രാമപഞ്ചായത്തിന് ബാധ്യത | 1-20 |
| 29 | ജലജീവൻമിഷൻ -പദ്ധതിക്ക് മോണിട്ടറിംഗ് ഇല്ല – പ്രവൃത്തികളിൽ അപാകം | 1-21 |
| 30 | ലൈഫ് മിഷൻ വായ്പ- അധികമായി തുക തിരികെ അടവാക്കി | 1-22 |
| 31 | സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം-മരണപ്പെട്ടവരെ യഥാസമയം പെൻഷൻ ഡേറ്റാ ബേസിൽ നിന്ന് ഒഴിവാക്കുന്നില്ല | 1-23 |
| 32 | പാർശ്വഭിത്തി നിർമ്മാണത്തിന് ബോണ്ട് സ്റ്റോൺ ഉപയോഗിക്കുന്നതിൽ സുതാര്യതയില്ല. | 1-24 |
| 33 | ടേക്ക് എ ബ്രേക്ക് കെട്ടിടം. കഫേ കുടുംബശ്രീ കെട്ടിടം വൈദ്യുതീകരിക്കാത്തതിനാൽ പൊതുജനങ്ങൾക്ക് പ്രയോജനപ്പെടുന്നില്ല | 1-25 |
| 34 | MCF കെട്ടിടത്തിനു അധിക സൗകര്യമൊരുക്കുന്ന പദ്ധതി പൂർത്തീകരിച്ചില്ല. | 1-26 |
| 35 | അഗതി രഹിത കേരളം പദ്ധതി- ലക്ഷ്യം കൈവരിച്ചില്ല | 1-27 |
| 36 | ലൈബ്രറി സെസ് അടവാക്കിയില്ല | 1-28 |
| 37 | അങ്കണവാടി കെട്ടിടത്തിന്റെ വയറിംഗ്, വൈദ്യുതീകരണം എന്നിവ നടപ്പായില്ല. | 1-29 |
| 38 | മരുന്ന് പൂർണ്ണമായും ലഭ്യമായില്ല | 1-30 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | പാർശ്വഭിത്തി നിർമ്മാണത്തിന് ബോണ്ട് സ്റ്റോൺ - അധിക പ്രതിഫലം നൽകി | 3-1 |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ്ജ് / സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |

| | | |
|---|---|---|
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെൻറ്/ കേന്ദ്ര ഗവൺമെൻറ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 15-07-2023 ലെ 3(1)-ാം നമ്പർ കമ്മിറ്റി തീരുമാന പ്രകാരം തയ്യാറാക്കി 20-07-2023 ൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ഇലന്തൂർ ഗ്രാമപഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെൻറ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2023 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ അതിലെ മറ്റു നിരീക്ഷണങ്ങൾക്ക് വിധേയമായി, ഇലന്തൂർ ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

പത്തനംതിട്ട ഡെപ്യൂട്ടി ഡയറക്ടർ
16/10/2023 ജില്ലാ ഓഡിറ്റ് കാര്യാലയം

### 1-1-1 ആസ്തികളുടെ മൂല്യനിർണയം; ക്രോഡീകരണം സമഗ്രമല്ല

ആസ്തി രജിസ്റ്റർ സമഗ്രമല്ല. ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന ആസ്തികളുടെ മൂല്യം ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല

### 1-1-2 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

കേരള പഞ്ചായത്ത്‌രാജ് അക്കൗണ്ടിംഗ് ചട്ടങ്ങൾ 2011, ചട്ടം 62-ൽ നിർദ്ദേശിക്കപ്പെട്ട പ്രകാരം അടിസ്ഥാന അനുപാതങ്ങൾ (Ratios) സംബന്ധിച്ച പത്രിക വാർഷിക കണക്കിനൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-3 കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ്- നീക്കിയിരിപ്പ് തുകയ്ക്ക് കൃത്യതയില്ല

ഷെഡ്യൂൾ ബി-11(b): Capital Work In Progress- ലെഡ്ജർ ബാലൻസായി 1012369 രൂപയുടെ നീക്കിയിരിപ്പ് രേഖപ്പെടുത്തിയിരിക്കുന്നു. ആയതിന്റെ കൃത്യത വെളിപ്പെടുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് സമർപ്പിച്ചില്ല.

### 1-1-4 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

### 1-1-5 നികുതി/നികുതിയേതര വരുമാനങ്ങളുടെ ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി

## രേഖപ്പെടുത്തുന്നില്ല

വസ്തു നികുതി, തൊഴിൻ നികുതി, ലൈസൻസ് എന്നീ വരുമാനം സംബന്ധിച്ച ഡിമാന്റ് എൻട്രികൾ സമയ ബന്ധിതമായി രേഖപ്പെടുത്തിയിട്ടില്ല. അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവിനങ്ങളുടെ ഡിമാന്റ് വർഷാവസാനം ഒറ്റത്തവണയാണ് രേഖപ്പെടുത്തിയിട്ടുള്ളത്

## 1-1-6 വസ്തു നികുതി -സഞ്ചയ പ്രകാരമുള്ള വാർഷിക സംക്ഷിപ്തം വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

വാർഷിക ധനകാര്യ പത്രിക ഷെഡ്യൂൾ I-1, RP-43, B15, B9 പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ്, മുൻകൂർ തുകകൾ സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.

## 1-1-7 തെറ്റായി ബാധ്യത രേഖപ്പെടുത്തിയിരിക്കുന്നു

ഷെഡ്യൂൾ ബി4- കിലാ ട്രെയിനിംഗ് റീ ഫണ്ടിനത്തിൽ ലഭിച്ച 77235 രൂപ ബാധ്യതാ ഇനത്തിൽ തെറ്റായി കാണിച്ചിരിക്കുന്നു.

## 1-1-8 വാടക-ഡിമാന്റ് തുക കൃത്യമല്ല

ഷെഡ്യൂൾ I3- വാടക ഡിമാന്റ് തുക രേഖപ്പെടുത്തിയിരിക്കുന്നത് കൃത്യമല്ല.

## 1-2 ബജറ്റ്

| | |
|---|---|
| ബജറ്റ് അംഗീകരിച്ച തീരുമാനം നമ്പരും തീയതിയും | 1(1) തീയതി 14-03-2022 |
| ബജറ്റ് പ്രകാരമുള്ള മുന്നിരിപ്പ് | 4658700 |
| പ്രതീക്ഷിത വരവ് | 119847000 |
| ആകെ | 124505700 |
| പ്രതീക്ഷിത ചെലവ് | 122578000 |
| നീക്കിബാക്കി | 1927700 |
| റിവൈസ്ഡ് ബജറ്റ് അംഗീകരിച്ച തീരുമാനം നമ്പരും തീയതിയും | 3(1) തീയതി 16-03-2023 |

## 1-3 സാമ്പത്തിക വിശകലനം

| ഇനം | റസിപ്റ്റ് &പെയ്മെന്റ് | ഇൻകം& എക്സ്പെൻഡീച്ചർ |
|---|---|---|
| മുന്നിരിപ്പ് | 11046554 | |
| ഓഡിറ്റ് വർഷത്തെ വരവ് | 26656138 | 152970048 |
| ആകെ വരവ് | 37702692 | 152970048 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 26356642 | 163281550 |
| നീക്കിയിരിപ്പ് | 11346050 | |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് (അലോട്ട്മെന്റ് ലഭിച്ചത്) | ആകെ | ചെലവ് | നീക്കിയിരിപ്പ്/ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | - | 10624000 | 10624000 | 9563686 | 1060314 |
| വികസന ഫണ്ട്-എസ്.സി.പി | ,, | 6832000 | 6832000 | 5580917 | 1251083 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 752434 | 4074765 | 4827199 | 776608 | Lapse-614888<br>3435703 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ-ടൈഡ്) | 108131 | 1923964+<br>101722 (Interest)<br>=2025686 | 2133817 | 1587664 | Lapse-0<br>Balance In Bank -546153 |

| | | | | | |
|---|---|---|---|---|---|
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | ,, | 10129000 | 10129000 | 3908126 | 6220874 |
| മെയിന്റനൻസ് ഗ്രാന്റ്-നോൺ-റോഡ് | ,, | 4570000 | 4570000 | 2071491 | 2498509 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | | | | | |
| ശുചിത്വ മിഷൻ | 867687 | 130000 | 997687 | 594633 | 403054 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | | | | | |
| ഐ.സി.ഡി.എസ്. | 1443501 | 856326 | 2299827 | 291043 | 2008784 |
| എം.ജി.എൻ. ആർ.ജി.എസ് | 45 | 8848823 | 8848868 | 8848868 | 0 |
| ഹെൽത്ത് ഗ്രാന്റ് | 0 | 342804 | 342804 | 100221 | 242583 |
| ഹെൽത്ത് ഗ്രാന്റ്- റൂറൽ | 0 | 186956 | 186956 | 42584 | 144372 |

ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകതകൾ

അങ്കണവാടി ജീവനക്കാരുടെ പ്രതിഫലം, ലൈഫ് ഭവന പദ്ധതി -വായ്പാ തിരിച്ചടവ് എന്നിവയിൽ വിവിധ ഫണ്ടിനങ്ങളിൽ നിന്ന് സോഴ്സ് ഡിഡക്ഷൻ നടത്തിയ തുക ഗ്രാന്റ് സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയപ്പോൾ വരവിനങ്ങളിൽ ഉൾപ്പെടുത്തിയിട്ടില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | ഇനം (സോഴ്സ് ഡിഡക്ഷൻ) | വരവിനത്തിൽ ഉൾപ്പെടുത്തേണ്ടിയിരുന്ന തുക |
|---|---|---|
| വികസന ഫണ്ട്-ജനറൽ | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 185648 |
| ,, | അങ്കണവാടി അധിക വേതനം | 788400 |
| വികസന ഫണ്ട്-എസ്.സി.പി | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 815537 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച് നടപ്പിലാക്കിയ പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തത് | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 200 | 67403662 | 144 | 32308766 | 0 | 56 | 72 |

## 1-6 ദേശീയ തൊഴിലുറപ്പ് പദ്ധതി

ഓഡിറ്റ് വർഷത്തെ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട വരവ് ചെലവ് വിവരങ്ങൾ താഴെ ചേർക്കുന്നു-

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 45 | 485227 | 485272 | 485272 | 0 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 8363596 | 8363596 | 8363596 | 0 |
| ആകെ | 45 | 8848823 | 8848868 | 8848868 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്ഷേമ പദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 280 | 3,204,900 |
| വിധവാ പെൻഷൻ | 562 | 5,950,800 |
| വാർദ്ധക്യകാല പെൻഷൻ | 1448 | 15,221,400 |

| | | |
|---|---|---|
| ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 203 | 2,135,400 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.09.2023 തീയതിയിൽ 12.50 PM-ന് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ നീക്കിയിരുപ്പ് തുകയായ 4633 (നാലായിരത്തി അറുനൂറ്റി മുപ്പത്തിമൂന്ന് രൂപ മാത്രം) രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

വസ്തുനികുതി, തൊഴിൽ നികുതി എന്നിവയാണ് നികുതിയിനത്തിലുള്ള പഞ്ചായത്തിന്റെ വരുമാന മാർഗ്ഗങ്ങൾ. അവ പിരിച്ചെടുക്കുന്നതിന് കാര്യക്ഷമമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മുൻവർഷത്തെ അപേക്ഷിച്ച് നികുതി പിരിവിൽ പുരോഗതിയും ഉണ്ടായിട്ടുണ്ട്. മുൻ വർഷത്തെ അപേക്ഷിച്ച് നികുതിയേതര വരവുകളിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. തനത് വരവുകളുടെ പിരിവിന്റെ പുരോഗതി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അവലോകനം ചെയ്യുകയും ക്യാമ്പ് കളക്ഷനുകൾ ഉൾപ്പെടെ സംഘടിപ്പിച്ച് നികുതി പൂർണ്ണമായി പിരിച്ചെടുക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. 28 കടമുറികളുള്ള പ്രസ്തുത കെട്ടിടം ജീർണ്ണാവസ്ഥയിലായതിനാൽ 2021-22 മുതൽ പഞ്ചായത്ത് വാടകയ്ക്ക് നൽകുന്നില്ല. ഉപയോഗയോഗ്യമല്ലാത്ത ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടം പൊളിച്ചുമാറ്റി പുതിയത് നിർമ്മിക്കുന്നതിനുള്ള നടപടികൾ മന്ദഗതിയിലാണ് നടക്കുന്നത്. ഷോപ്പിംഗ് കോംപ്ലക്സ് പൊളിച്ചു മാറ്റുന്നതിന് സർക്കാർ അനുമതിയ്ക്ക് അപേക്ഷിക്കുക മാത്രമാണ് നിലവിൽ ചെയ്തിട്ടുള്ളത്. പുതിയ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിച്ച് വാടകയ്ക്ക് നൽകുന്നത് വഴി വാടക വരുമാനത്തിലുണ്ടായ കുറവ് പരിഹരിക്കുന്നതിനും വരുമാനം ഗണ്യമായി വർദ്ധിക്കുന്നതിനും കഴിയുന്നതാണ്.

2022 ഡിസംബറിന് മുമ്പായി മെയിന്റനൻസ് ഗ്രാന്റ് റോഡ്, നോൺ റോഡ് വിഭാഗങ്ങളിലായി സർക്കാർ ഗ്രാന്റ് പൂർണ്ണമായും ലഭിച്ചിരുന്നു. ഇപ്രകാരം തുക പൂർണ്ണമായും ലഭിച്ചുവെങ്കിലും വെറും 40% മാത്രമാണ് മെയിന്റനൻസ് വിഭാഗത്തിലെ ചെലവ്. 2022-23 സാമ്പത്തിക വർഷം ഈയിനത്തിൽ ലഭിച്ച ഫണ്ടിൽ 87 ലക്ഷം രൂപ നഷ്ടപ്പെടുത്തി.

തെരുവുവിളക്കുകൾക്ക് മീറ്ററിംഗ് ഏർപ്പെടുത്തിയിട്ടുണ്ട്. വാട്ടർ അതോറിറ്റിയിൽ നിന്നും സംയുക്ത പരിശോധനക്ക് ശേഷവും ടാപ്പുകളുടെ എണ്ണം വാട്ടർ അതോറിറ്റിയിൽ നിന്നും ക്രമീകരിച്ച് നൽകാത്ത സാഹചര്യത്തിൽ വെള്ളക്കരം ഇനത്തിൽ വൻതുക പാഴ്ചെലവ് ഒഴിവാക്കാനായില്ല. ഈ വിഷയത്തിൽ ഭരണസമിതിയുടെ ഭാഗത്ത് നിന്നും ക്രിയാത്മകമായ നടപടിയുണ്ടാകുന്നെങ്കിലും വാട്ടർ അതോറിറ്റിയുടെ നിസ്സഹകരണം ആണ് ഈ സ്ഥിതിയ്ക്ക് കാരണം. മരണപ്പെട്ടുപോയ ക്ഷേമ പെൻഷൻ ഗുണഭോക്താക്കൾ ഇപ്പോഴും സേവന പെൻഷൻ ഡാറ്റാ ബേസിൽ ആക്ടീവ് പെൻഷണേഴ്സായി നിലനിൽക്കുന്നതായി രേഖകൾ പരിശോധിച്ചതിൽ വ്യക്തമായി. ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണം നിരീക്ഷിക്കുന്നുണ്ട്. എന്നാൽ ഇതിന് ഒരു സ്ഥിരം മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിയ്ക്കുന്നു.

ഓഫീസ് ഉത്തരവുകൾ മുഖേന വിവിധ ഉദ്യോഗസ്ഥർക്ക് ജോലി വിഭജനം നടത്തുകയും നിശ്ചിത സമയങ്ങളിൽ സ്റ്റാഫ് മീറ്റിംഗ് നടത്തി ആയത് വിശകലനം ചെയ്യുകയും ഉണ്ടായിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് മുഖേന കാര്യക്ഷമമായ നിലയിൽ പൊതുജനങ്ങൾക്ക് സേവനം നൽകുന്നുണ്ട്.

വസ്തു നികുതി, തൊഴിൻ നികുതി, ലൈസൻസ് എന്നീ വരുമാനം സംബന്ധിച്ച ഡിമാന്റ് എൻട്രികൾ സമയ ബന്ധിതമായി രേഖപ്പെടുത്തിയിട്ടില്ല. അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവിനങ്ങളുടെ ഡിമാന്റ് വർഷാവസാനം ഒറ്റത്തവണയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പദ്ധതികളുമായി ബന്ധപ്പെട്ട ഫയലുകളും രജിസ്റ്ററുകളും, വിവിധ സ്റ്റോക്ക് രജിസ്റ്ററുകൾ, മിനിട്സ്, തനതുഫണ്ട്/ ബി- ഫണ്ട് വൗച്ചറുകൾ, രസീത് തുടങ്ങിയ രേഖകളുടെ സൂക്ഷിപ്പ് തൃപ്തികരമാണ്. ഐ..എൽ.ജി.എം.എസ് മുഖേന പണം പിരിവ്, വിവിധ സേവനങ്ങൾ പ്രദാനം ചെയ്യൽ, തനത് ഫണ്ട് ചെലവുകൾ എന്നിവയിലെ സുതാര്യത ഉറപ്പ് വരുത്തുന്നുണ്ട്. ഭരണസമിതിയുടെയും ഉദ്യോഗസ്ഥരുടെയും യോജിച്ച പ്രവർത്തനത്താൽ ആഭ്യന്തരനിയന്ത്രണ സംവിധാനം മെച്ചപ്പെട്ട നിലയിലാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17.04.2008 | 1997-98 മുതൽ 2007-08 വരെ | 19.06.2008 |
| പെർഫോമൻസ് ഓഡിറ്റ് | 01.07.2022 മുതൽ | 01/2022 മുതൽ | 05.07.2022 |

| | | | |
|---|---|---|---|
| | 02.07.2022 വരെ | 03/2022 വരെ | |

## 1-11 തനത് വിഭവ സമാഹരണത്തിലെ കാര്യക്ഷമത

നികുതി വരുമാനം

വസ്തുനികുതി, തൊഴിൽ നികുതി എന്നിവയാണ് നികുതിയിനത്തിലുള്ള പഞ്ചായത്തിന്റെ വരുമാന മാർഗ്ഗങ്ങൾ. അവ പിരിച്ചെടുക്കുന്നതിന് കാര്യക്ഷമമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മുൻവർഷത്തെ അപേക്ഷിച്ച് നികുതി പിരിവിൽ പുരോഗതിയും ഉണ്ടായിട്ടുണ്ട്.

1. തൊഴിൽ നികുതി

2022-23 -ലെ തൊഴിൽ നികുതി പിരിവിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വരവിനം | ഡിമാന്റ് | കളക്ഷൻ | ബാലൻസ് | ശതമാനം |
|---|---|---|---|---|
| തൊഴിൽ നികുതി-ജീവനക്കാർ | 1097650 | 1097650 | 0 | 100% |
| തൊഴിൽ നികുതി-സ്ഥാപനങ്ങൾ | 65250 | 64000 | 1250 | 98% |
| തൊഴിൽ നികുതി-ട്രേഡേഴ്സ് | 367250 | 367250 | 0 | 100% |

2021-22 സാമ്പത്തിക വർഷവുമായി താരതമ്യം ചെയ്യുമ്പോൾ നികുതി പിരിവിലുണ്ടായ പുരോഗതിയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വരവിനം | 2021-22 | 2022-23 | വർദ്ധനവ്/കുറവ് | വർദ്ധനവ്/കുറവ്ശതമാനം |
|---|---|---|---|---|
| തൊഴിൽ നികുതി-ജീവനക്കാർ | 988130 | 1097650 | 109520 | 11.08 |
| തൊഴിൽ നികുതി-സ്ഥാപനങ്ങൾ | 66500 | 65250 | -1250 | -1.88 |
| തൊഴിൽ നികുതി-ട്രേഡേഴ്സ് | 281410 | 367250 | 85840 | 30.5 |

മുൻ വർഷത്തെ അപേക്ഷിച്ച് ജീവനക്കാരുടെ തൊഴിൽനികുതിയിൽ 11.08 ശതമാനത്തിന്റെയും ട്രേഡേഴ്സിന്റെ തൊഴിൽ നികുതിയിൽ 30.50 ശതമാനത്തിന്റെയും വർദ്ധനവ് ഉണ്ടായിട്ടുണ്ട്. എന്നാൽ ഇൻസ്റ്റിറ്റ്യൂഷൻസിന്റെ തൊഴിൽ നികുതി 1.88 ശതമാനം കുറവായാണ് പിരിച്ചെടുത്തിട്ടുള്ളത്. തൊഴിൽ നികുതി ബാധകമായ എല്ലാ സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും തൊഴിൽ നികുതി പിരിച്ചെടുക്കുന്നില്ല എന്ന ഒരു അപാകതയും നിലനിൽക്കുന്നു. കളക്ഷൻ തുക തന്നെയാണ് ഡിമാന്റായി സാംഖ്യയിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

2. വസ്തുനികുതി

വസ്തുനികുതി പിരിവിനെ സംബന്ധിച്ച പൊതു നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

A) പുതുക്കിയ നിരക്കിൽ വസ്തു നികുതി ഈടാക്കിത്തുടങ്ങിയിട്ടില്ല .

01.04.2023 തീയതി പ്രാബല്യത്തിൽ പുതുക്കിയ നിരക്കിലുള്ള വസ്തു നികുതി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സ.ഉ (കൈ) നം. 77/2023/Lsgd; 22.03.2023 പ്രകാരം പുറപ്പെടുവിച്ചിരുന്നു. സ.ഉ 25/2023/തസ്വഭവ 05.04.2023 പ്രകാരം ഗ്രാമപഞ്ചായത്തുകളിലെ വിവിധ ഇനം കെട്ടിടങ്ങൾക്കും അതിന്റെ ഉപവിഭാഗങ്ങൾക്കുമുള്ള അടിസ്ഥാന വസ്തു നികുതി നിരക്കിന്റെ കുറഞ്ഞതും കൂടിയതുമായ പരിധി നിർണ്ണയിച്ച് സർക്കാർ വിജ്ഞാപനം ഇറക്കിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഇലഞ്ഞൂർ ഗ്രാമപഞ്ചായത്തിലെ അടിസ്ഥാന വസ്തു നികുതി നിരക്ക് ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ച് (14.05.2023 ലെ 2/1 തീരുമാനം) കരട് വിജ്ഞാപനം 06.06.2023 ൽ പുറപ്പെടുവിച്ചിട്ടുണ്ട്. പുതുക്കിയ നിരക്കിലുള്ള നികുതി ഈടാക്കുന്നതിനും അതിനനുസരിച്ച് സഞ്ചയയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനും ഗ്രാമപഞ്ചായത്ത് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

B) വസ്തു നികുതിയിൽ 3. 05 ലക്ഷം രൂപ കുടിശ്ശിക

ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നീ വിവരങ്ങൾ പരിശോധിച്ചതിൽ നിന്നും 305860രൂപ കുടിശ്ശികയായിട്ടുള്ളതായി കണ്ടു.ആകെ ഡിമാന്റ് തുകയായ 51.11ലക്ഷം രൂപയിൽ 48.06ലക്ഷം രൂപ പിരിച്ചെടുക്കാൻ ഗ്രാമപഞ്ചായത്തിനു കഴിഞ്ഞിട്ടുണ്ട്. അതായത് ആകെ ഡിമാന്റ് തുകയുടെ 94% തുക പിരിച്ചെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. സഞ്ചയ സോഫ്റ്റ്‌വെയർ മുഖേനയുള്ള DCB വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ആകെ ഡിമാന്റ് | | | കളക്ഷൻ | | | ബാലൻസ് | | |
|---|---|---|---|---|---|---|---|---|
| മുൻ | തൻ | ആകെ | മുൻ | തൻ | ആകെ | മുൻ | തൻ | ആകെ |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| വർഷം | വർഷം | | വർഷം | വർഷം | | വർഷം | വർഷം | |
| 462911 | 4648969 | 5111880 | 250525 | 4555495 | 4806020 | 212386 | 93474 | 305860 |

കുടിശ്ശിക വിവരങ്ങൾ പരിശോധിച്ചതിൽ നിന്നും മൊബൈൽ ടവറുകൾ, ഉയർന്ന നികുതിയുള്ള ഏതാനും വ്യക്തികൾ എന്നിവരിൽ നിന്നുമാണ് ഇത്രയും കുടിശ്ശിക ഉള്ളതെന്ന് വ്യക്തമായി. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നമ്പർ | പേര് , വിലാസം | വസ്തു നികുതി കുടിശ്ശിക കാലയളവ്,<br>വസ്തു നികുതി +ലൈബ്രറി സെസ്സ്+ സർവീസ് സെസ്സ് | 2022-23 വരെയുള്ള കുടിശ്ശിക |
|---|---|---|---|---|
| 1 | 4/587 A | സുരേന്ദ്രനാഥ ജി മേത്ത | 2013-14 മുതൽ 2022-23 വരെ<br>3582+180+359 =4121 | 41210 |
| 2 | 4/587 B | സുരേന്ദ്രനാഥ ജി മേത്ത | 2016-17 മുതൽ 2022-23 വരെ<br>8178+409+818 = 9405 | 65835 |
| 3 | 7/330 A | അനിൽ കുമാർ | 2020-21 മുതൽ 2022-23 വരെ<br>3579+179+358 = 4116 | 12348 |
| 4 | 8/292 | BSNL മൊബൈൽ ടവർ, ഡിവിഷണൽ എഞ്ചിനീയർ | 2013-14 മുതൽ 2022-23 വരെ<br>2310+116+231 = 2657 | 26570 |
| 5 | 8/292 A | BSNL മൊബൈൽ ടവർ, ഡിവിഷണൽ എഞ്ചിനീയർ | 2013-14 മുതൽ 2022-23 വരെ<br>1109+56+111 = 1276 | 12760 |
| 6 | 10/37 A | പ്രദീപ് റ്റി ബി | 2014-15 മുതൽ 2022-23 വരെ<br>4376+219+438 = 5033 | 45297 |
| 7 | 11/298 | സന്തോഷ് കുമാർ | 2013-14 മുതൽ 2022-23 വരെ<br>3229+162+323 = 3714 | 37140 |
| | | | ആകെ | 241160 |

ആറാം ധനകാര്യ കമ്മീഷൻ ശുപാർശയുടെ അടിസ്ഥാനത്തിൽ കെട്ടിട നികുതിയിൽ വൻകുടിശ്ശിക വരുത്തുന്നവരുടെ പത്രിക പ്രാദേശിക സർക്കാരുകളുടെ നോട്ടീസ് ബോർഡുകളിലും വെബ്സൈറ്റിലും പ്രസിദ്ധീകരിക്കണമെന്ന സർക്കാർ നിർദ്ദേശം (സ.ഉ (കൈ) നം. 124/2022/Lsgd; 15-06-2022) പാലിക്കാൻ ഗ്രാമപഞ്ചായത്ത് തുടർനടപടികൾ സ്വീകരിക്കുന്നതിനോടൊപ്പം കുടിശ്ശിക തുക ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്

C) അനധികൃത നിർമ്മാണങ്ങളെ ക്രമവൽക്കരിക്കുന്നതിനുള്ള സർക്കാർ ഉത്തരവ് പാലിക്കപ്പെടുന്നില്ല .

കേരള പഞ്ചായത്ത് ബിൽഡിംഗ് (അനധികൃത നിർമ്മാണങ്ങളുടെ ക്രമവത്ക്കരണം) ചട്ടങ്ങൾ 2018.(SRO No.96/2018;15.02.2018) പ്രകാരം 31.07.2017 ന മുമ്പുള്ള അനധികൃത നിർമ്മാണങ്ങൾ സർക്കാർ തീരുമാനിച്ച ബേസിക് കോമ്പൗണ്ടിംഗ് ഫീയും അധിഷണൽ കോമ്പൗണ്ടിംഗ് ഫീയും അടവാക്കിക്കൊണ്ട് നിയമാനുസൃതമാക്കാൻ പൊതുജനങ്ങൾക്ക് അവസരം നൽകിയിരുന്നു.

ചട്ടം 18 പ്രകാരം ഇപ്രകാരം നിയമാനുസൃതമാക്കിയ കെട്ടിടങ്ങളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ സെക്രട്ടറി തയ്യാറാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ചട്ടം 17 പ്രകാരം ട്രഷറിയിൽ അടവാക്കിയ കോമ്പൗണ്ടിംഗ് ഫീയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തേണ്ട രജിസ്റ്റർ സെക്രട്ടറി സൂക്ഷിക്കേണ്ടതാണ്. ഇപ്രകാരം നിയമാനുസൃതമാക്കിയ കെട്ടിടങ്ങളുടെ ഫയലുകളും മേൽ രജിസ്റ്ററുകളും ഓഡിറ്റിനു ഹാജരാക്കണമെന്നാവശ്യപ്പെട്ടിരുന്നെങ്കിലും യാതൊരു വിവരങ്ങളും ലഭ്യമാക്കിയിരുന്നില്ല. ഇക്കാരണത്താൽ അനധികൃത നിർമ്മാണങ്ങളെ ക്രമവൽക്കരിക്കുന്നതിനു സർക്കാർ പുറപ്പെടുവിച്ച ഉത്തരവിനെ യഥാവിധി ജനങ്ങളിൽ എത്തിക്കുന്നതിനോ തുടർനടപടികൾ സ്വീകരിക്കുന്നതിനോ തദ്ദേശ സ്ഥാപനത്തിനു കഴിഞ്ഞിട്ടില്ല എന്നു ഓഡിറ്റ് വിലയിരുത്തുന്നു. ഗ്രാമപഞ്ചായത്ത് ഹാജരാക്കിയ UA രജിസ്റ്റർ പ്രകാരം 8 കെട്ടിടങ്ങൾ UA ആയി കണക്കാക്കി നികുതി നിർണ്ണയിച്ചിട്ടുണ്ട്.

നികുതിയേതര വരവുകൾ

ലൈസൻസ് ഫീസ്, വാടക, മാർക്കറ്റ് വരവ്, ബിൽഡിംഗ് പെർമിറ്റ് ഫീസ്, ബിൽഡിംഗ് റഗുലറൈസേഷൻ ഫീസ് എന്നിവയാണ് പ്രധാനപ്പെട്ട നികുതിയേതര വരവുകൾ അവയുടെ പിരിവിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വരവിനം | ഡിമാന്റ് | കളക്ഷൻ | ബാലൻസ് | ശതമാനം |
|---|---|---|---|---|
| ലൈസൻസ് ഫീസ് | 192200 | 192200 | 0 | 100 |
| വാടക | 53856 | 53856 | 0 | 100 |
| മാർക്കറ്റ് വരവ് | 146000 | 146000 | 0 | 100 |
| ബിൽഡിംഗ് പെർമിറ്റ് ഫീസ് | 171004 | 171004 | 0 | 100 |
| ബിൽഡിംഗ് റഗുലറൈസേഷൻ ഫീസ് | 66481 | 66481 | 0 | 100 |

2021-22 സാമ്പത്തിക വർഷവുമായി താരതമ്യം ചെയ്യുമ്പോൾ വിവിധ വരവുകൾ പിരിച്ചെടുക്കുന്നതിലുണ്ടായ പുരോഗതിയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വരവിനം | 2021-22 | 2022-23 | വർദ്ധനവ്/കുറവ് | വർദ്ധനവ്/കുറവ്ശതമാനം |
|---|---|---|---|---|
| ലൈസൻസ് ഫീസ് | 163800 | 192200 | 28400 | 17.34 |
| വാടക | 19210 | 53856 | 34646 | 180.35 |
| മാർക്കറ്റ് വരവ് | 109980 | 146000 | 36020 | 32.75 |
| ബിൽഡിംഗ് പെർമിറ്റ് ഫീസ് | 143436 | 171004 | 27568 | 19.22 |
| ബിൽഡിംഗ് റഗുലറൈസേഷൻ ഫീസ് | 42947 | 66481 | 23534 | 54.8 |

മുൻ വർഷത്തെ അപേക്ഷിച്ച് നികുതിയേതര വരവുകളിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ്, രജിസ്ട്രേഷൻ പരിധിയിൽ കൊണ്ടുവരുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കാത്തത് മൂലം എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പിക്കാൻ സാധിക്കുന്നില്ല.

<u>പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനും നടപടിയില്ല</u>

തനത് വരവുകളുടെ പിരിവിന്റെ പുരോഗതി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അവലോകനം ചെയ്യുകയും ക്യാമ്പ് കളക്ഷനുകൾ ഉൾപ്പെടെ സംഘടിപ്പിച്ച് നികുതി പൂർണ്ണമായി പിരിച്ചെടുക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി പുതിയവരുമാന മേഖലകൾ കണ്ടെത്തുന്നത് സംബന്ധിച്ച യാതൊരു നിർദ്ദേശങ്ങളും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ അവതരിപ്പിക്കപ്പെടുകയോ, ചർച്ച ചെയ്യപ്പെടുകയോ ചെയ്തിട്ടില്ല. തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് പഞ്ചായത്തിന് പരിഗണിക്കാവുന്ന ചില മേഖലകൾ ചുവടെ പരാമർശിക്കുന്നു.

1. പഞ്ചായത്തിന്റെ പ്രധാനപ്പെട്ട ഒരു വരുമാന മാർഗ്ഗമായിരുന്ന ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികളിൽ നിന്നുള്ള വാടക. 2019-20-ൽ 233256രൂപ ഈയിനത്തിൽ വരുമാനം ലഭിച്ചിരുന്നു. 28 കടമുറികളുള്ള പ്രസ്തുത കെട്ടിടം ജീർണ്ണാവസ്ഥയിലായതിനാൽ 2021-22 മുതൽ വാടകയ്ക്ക് നൽകുന്നില്ല. ഉപയോഗയോഗ്യമല്ലാത്ത പ്രസ്തുത കെട്ടിടം പൊളിച്ചുമാറ്റി പുതിയ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിനുള്ള നടപടികൾ മന്ദഗതിയിലാണ് നടക്കുന്നത്. ഷോപ്പിംഗ് കോംപ്ലക്സ് പൊളിച്ചു മാറ്റുന്നതിന് സർക്കാർ അനുമതിയ്ക്ക് അപേക്ഷിക്കുക മാത്രമാണ് നിലവിൽ ചെയ്തിട്ടുള്ളത്. പുതിയ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിച്ച് വാടകയ്ക്ക് നൽകുന്നത് വഴി വാടക വരുമാനത്തിലുണ്ടായ കുറവ് പരിഹരിക്കുന്നതിനും വരുമാനം ഗണ്യമായി വർദ്ധിക്കുന്നതിനും ഇടയാകുന്നതാണ്.

2. പഞ്ചായത്ത് കോമ്പൗണ്ടിലുള്ള ഓഡിറ്റോറിയം, കൃഷിഭവനിലെ ഹാൾ എന്നിവ നിലവിൽ പൊതു ജനങ്ങൾക്കും ഔദ്യോഗിക പരിപാടികൾക്കുമായി വാടകയ്ക്ക് നൽകുന്നുണ്ട്. ഈയിനത്തിൽ ചെറിയ തുക വരുമാനമായി ലഭിക്കുന്നുണ്ട്. കല്യാണം ഉൾപ്പെടെയുള്ള ചടങ്ങുകൾക്കായി പൊതുജനങ്ങൾ ഓഡിറ്റോറിയം ഉപയോഗിക്കുന്നുണ്ടെങ്കിലും അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയും വൃത്തിഹീനമായ ചുറ്റുപാടുകളും അവരെ നിരുൽസാഹപ്പെടുത്തുന്ന സംഗതികളാണ്. 1500രൂപയാണ് നിലവിൽ ഹാൾ വാടകയായി ഈടാക്കി വരുന്നത്. ഹാളുകളിൽ ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തി, വൃത്തിയും ഭംഗിയുള്ളതും ആക്കുക വഴി കൂടുതൽ ആളുകളെ ആകർഷിക്കുവാൻ സാധിക്കുന്നതാണ്. സൗകര്യങ്ങൾക്കനുസരിച്ച് ന്യായമായ വാടകയും ഈടാക്കാവുന്നതാണ്.

3. പഞ്ചായത്തിന്റെ വിവിധ ആസ്തികളിൽ നിന്നും മേലാദായം എടുക്കുന്നതിനുള്ള അവകാശം മുൻവർഷങ്ങളിൽ പഞ്ചായത്തിന്റെ ഒരു വരുമാന മാർഗ്ഗമായിരുന്നു. എന്നാൽ ഈയിനങ്ങളിൽ ഓഡിറ്റ് വർഷം വരുമാനമൊന്നും ലഭിച്ചിട്ടില്ല. പഞ്ചായത്തിലെ വിവിധ കുളങ്ങളിൽ മത്സ്യം വളർത്തുന്നതിനുള്ള അവകാശം, ആസ്തികളിൽ നിന്നുള്ള

മേലാദായം എന്നിവ ലേലം ചെയ്യുന്നത് വഴി വരുമാനം കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. വിനോദ സഞ്ചാര സൗകര്യങ്ങൾ ഏർപ്പെടുത്താൻ കഴിയുന്ന സ്ഥലങ്ങളിൽ അത്തരം സൗകര്യങ്ങൾ ഒരുക്കുന്നത് വഴി വരുമാനം കണ്ടെത്തുന്നതിനുള്ള നടപടികളും സ്വീകരിക്കാവുന്നതാണ്.

## 1-12 തൊഴിൽ നികുതി പിരിവ് കാര്യക്ഷമമല്ല.

ഗ്രാമപഞ്ചായത്തിന്റെ വളരെ പ്രധാനപ്പെട്ട ഒരു വരുമാന മാർഗ്ഗമാണ് തൊഴിൽ നികുതി. തൊഴിൽ നികുതി അസ്സസ്സ് ചെയ്യുന്നതിനും ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനും കാര്യക്ഷമമായ നടപടികൾ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാവുന്നില്ല. സർക്കാർ/പൊതു മേഖലാ സ്ഥാപനങ്ങളിൽ നിന്നു മാത്രമാണ് ജീവനക്കാരുടെ തൊഴിൽ നികുതി കാര്യക്ഷമമായി പിരിച്ചെടുക്കുന്നത്. ആകെ 69 സ്ഥാപനങ്ങളിൽ നിന്നുമാണ് ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് പിരിച്ചെടുത്തിട്ടുള്ളത്. അവയിൽ ഭൂരിപക്ഷവും സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളാണ്. ഗ്രാമ പഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്ത് 262 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട് അവയിൽ ചുരുക്കം ചില സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നു മാത്രമേ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടുള്ളു. ലൈസൻസ് നേടിയ ഭൂരിപക്ഷം സ്ഥാപനങ്ങളിലും രണ്ടോ അതിലധികമോ ജീവനക്കാർ തൊഴിലെടുക്കുന്നുണ്ട്. ആകെ 69സ്ഥാപനങ്ങൾ മാത്രമാണ് തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിലുള്ളത്. പഞ്ചായത്ത് പ്രദേശത്ത് സ്വയംതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ ഉൾപ്പെടെയുള്ള തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാബേസ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ഇത്തരത്തിൽ ഭൂരിപക്ഷം സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി പിരിച്ചെടുക്കാത്തത് മൂലം ഗ്രാമ പഞ്ചായത്തിന് വലിയ വരുമാന നഷ്ടമുണ്ടാവുന്നുണ്ട്. തൊഴിൽ നികുതി പിരിച്ചെടുക്കാൻ അവശേഷിക്കുന്ന സ്ഥാപനങ്ങളുടെ കുറച്ച് ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. സ്ഥാപന തൊഴിൽ നികുതി അടയ്ക്കാത്ത സ്ഥാപനങ്ങളുടെ വിവരങ്ങൾ

| ക്രമ നം. | സ്ഥാപനത്തിന്റെ വിവരങ്ങൾ | അർദ്ധവർഷം |
|---|---|---|
| 1 | ബയോകെയർ ലബോറട്ടറി | 1st & 2nd |
| 2 | അക്ഷയ ഇ-കേന്ദ്രം | 1st & 2nd |
| 3 | പവർ മൾട്ടി ജിം, ഇലന്തൂർ മാർക്കറ്റ് ജംഗ്ഷൻ | 1st & 2nd |
| 4 | എസ്.കെ.എസ്.മോട്ടോഴ്സ്, വാര്യാപുരം | 1st & 2nd |

2. ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി അടയ്ക്കാത്ത സ്ഥാപനങ്ങളുടെ വിവരങ്ങൾ

| ക്രമ നം. | സ്ഥാപനത്തിന്റെ വിവരങ്ങൾ | അർദ്ധവർഷം |
|---|---|---|
| 1 | ജിജോസ് ഇൻഡസ്ട്രീസ്, 13/120A, 120B | 1st & 2nd |
| 2 | അമൃതാ ഇൻഡേൻ ഗ്യാസ് ഏജൻസി, 3/187 A, B | 1st & 2nd |
| 3 | മാർജിൻ ഫ്രീ മാർക്കറ്റ്, 6/348 | 1st & 2nd |
| 4 | എ.വി.ജി. മോട്ടോഴ്സ്, 4/313 B | 1st & 2nd |
| 5 | എമ്മീസ് സൂപ്പർ മാർക്കറ്റ്, 3/32 B, C | 1st & 2nd |
| 6 | കിന്താരി, 5/318G | 1st & 2nd |
| 7 | ഗീതാസ് ബൂട്ടിക്ക്, 3/17 A | 1st & 2nd |
| 8 | നെക്സസ് ഇലക്ട്രോണിക്സ്, വാര്യാപുരം, 7/373 A, B | 1st & 2nd |
| 9 | ഫിഷ്‌ലാന്റ്, 1/377 | 1st & 2nd |
| 10 | അക്ഷയ ഇ-കേന്ദ്രം, ഇലന്തൂർ | 1st & 2nd |
| 11 | മൈക്രോലാബ് ലബോറട്ടറീസ്, 3/529 | 1st & 2nd |
| 12 | എം.കെ. ഏജൻസീസ്, 4/321 B | 1st & 2nd |
| 13 | വിനായക എൻജിനീയറിംഗ് വർക്ക്സ്, 13/282 | 1st & 2nd |
| 14 | ആപ്പിൾ കാറ്ററേഴ്സ്, 10/145 | 1st & 2nd |
| 15 | ബാംബിനോ ഇന്റർനാഷണൽ മോണ്ടിസോറി സ്കൂൾ | 1st & 2nd |

| | | |
|---|---|---|
| 16 | തിരുവല്ല ആട്ടോസ്കാൻ & ജി.ആർ.എസ്. ടയർവേൾഡ് | 1st & 2nd |
| 17 | ടീം തായി, ആഷിഖ് എന്റർപ്രൈസസ്, 3/63C | 2nd |
| 18 | റാവു & കമ്പനി, 3/67, 67A | 1st & 2nd |
| 19 | രാജൻ സാമിൽ, 9/301 G | 1st & 2nd |
| 20 | മരയ്ക്കാർ ഓട്ടോമൊബൈൽസ് & സർവ്വീസസ് പ്രൈ. ലിമിറ്റഡ്, വാര്യാപുരം, 4/313 A | 1st & 2nd |
| 21 | റിയൽ മാർക്കറ്റിംഗ് , ഇലന്തൂർ, 6/325 | 1st & 2nd |
| 22 | മണ്ണിൽ ഹോട്ടൽ & ബേക്കറി, 3/44 | 1st & 2nd |
| 23 | ഒലീവ് ഫ്യൂവൽസ്, 4/269 A, B | 1st & 2nd |
| 24 | ശിവ അലൂമിനിയം ഫാബ്രിക്കേഷൻ, 6/108 | 1st & 2nd |
| 25 | ഫ്രണ്ട്സ് എൻജിനീയറിംഗ് വർക്ക്സ് | 1st & 2nd |
| 26 | ഇലന്തൂർ കഫേ കുടുംബശ്രീ, 3/77B | 1st & 2nd |
| 27 | വിസ്മയ ഹോം നഴ്സിംഗ്, 11/195 | 1st & 2nd |
| 28 | ഗ്ലോബൽ മോട്ടോർ ഗ്യാരേജ് & ഇൻസ്റ്റിറ്റ്യൂട്ട്, 3/69, 70 | 1st & 2nd |
| 29 | മൈക്രോലോജിക് കോളേജ്, ഇലന്തൂർ | 1st & 2nd |
| 30 | എ.വൈ. ടെക്ക് ഇലന്തൂർ | 1st & 2nd |
| 31 | ഇൻഫന്റ് ജീസസ് ഇംഗ്ലീഷ് സ്കൂൾ | 1st & 2nd |

ജീവനക്കാരുടെ തൊഴിൽനികുതി പിരിവിലെ മറ്റ് അപാകതകൾ

1. ഇലന്തൂർ സപ്ലൈകോ സൂപ്പർ മാർക്കറ്റിലെ ഒരു ജീവനക്കാരന്റെ തൊഴിൽ നികുതി മാത്രമാണ് ഒടുക്കിയിട്ടുള്ളത്. 4 ജീവനക്കാർ ജോലി ചെയ്യുന്നതായി ലൈസൻസ് അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.
2. ഇ.എം.എസ്. കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റലിൽ ആകെ 65 ജീവനക്കാരുള്ളതായി ലൈസൻസ് അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 48 ജീവനക്കാരുടെ തൊഴിൽനികുതി മാത്രമാണ് ഒടുക്കിയിട്ടുള്ളത്. ഡോക്ടർമാർ, സെക്യൂരിറ്റി ജീവനക്കാർ, ക്ലീനിംഗ് ജീവനക്കാർ എന്നിവരുടെയൊന്നും തൊഴിൽ നികുതി ഒടുക്കിയിട്ടില്ല. ഡോക്ടർമാർ മറ്റ് പല സ്ഥാപനങ്ങളിലും ജോലി ചെയ്യുന്നവരാണെന്ന് ഓഡിറ്റ് എൻക്വയറി 7/16.09.23-ന് മറുപടിയായി അറിയിച്ചിട്ടുണ്ട്. മറ്റേതെങ്കിലും തദ്ദേശഭരണ സ്ഥാപനത്തിൽ തൊഴിൽ നികുതി ഒടുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെടേണ്ടതാണ്.

3. കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല.

ഗ്രാമപഞ്ചായത്തിൽ 2022-23 സാമ്പത്തിക വർഷം പൊതുമരാമത്ത് പ്രവൃത്തികൾ നിർവ്വഹിച്ച കരാറുകാരിൽ നിന്നും 2022-23 ഒന്ന്, രണ്ട് അർദ്ധ വർഷങ്ങളിലെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

പഞ്ചായത്ത് രാജ് നിയമങ്ങൾ, തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി കൃത്യമായി അസ്സസ്സ് ചെയ്യുന്നതിനും അസ്സസ്സ് ചെയ്ത നികുതി തുക ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനും കാര്യക്ഷമമായ നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. മേൽ പരാമർശിച്ചിട്ടുള്ള തൊഴിൽ നികുതി ഒടുക്കാത്തവരിൽ നിന്നും ചട്ട പ്രകാരമുള്ള തൊഴിൽ നികുതി അടിയന്തിരമായി ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. കരാറുകാർ മറ്റേതെങ്കിലും തദ്ദേശഭരണ സ്ഥാപനത്തിൽ തൊഴിൽ നികുതി ഒടുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെടേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-13 പഞ്ചായത്തിൽ നിന്നുള്ള ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതിന് കേരള പഞ്ചായത്ത് രാജ് (ഫാക്ടറികളും വ്യാപാരങ്ങളും സംരംഭക പ്രവർത്തനങ്ങളും മറ്റ് സേവനങ്ങളും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം ലൈസൻസ് ആവശ്യമായ എല്ലാ സ്ഥാപനങ്ങളും 2022-23 സാമ്പത്തിക വർഷം ലൈസൻസ് എടുത്തിട്ടില്ല.

ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ

യഥാസമയം കണ്ടെത്തുന്നതിനും നടപടി സ്വീകരിക്കുന്നതിനും സാധിക്കുന്നില്ല. ഓഡിറ്റ് വർഷം ലൈസൻസ് എടുത്തിട്ടില്ലാത്ത സ്ഥാപനങ്ങൾക്ക് കുറച്ച് ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ വിവരങ്ങൾ |
|---|---|
| 1 | ലക്ഷ്മീസ് സ്മൈൽകെയർ ഡെന്റൽ ക്ലിനിക്ക്, നെടുവേലിൽ ജംഗ്ഷൻ |
| 2 | ജെ.എം. ഹോസ്പിറ്റൽ, |
| 3 | ശ്രീപ്രാണ ആയുർവേദിക് സെന്റർ |
| 4 | ബയോകെയർ ലബോറട്ടറി |
| 5 | അക്ഷയ ഇ-കേന്ദ്രം |
| 6 | പവർ മൾട്ടി ജിം, ഇലന്തൂർ മാർക്കറ്റ് ജംഗ്ഷൻ |
| 7 | എസ്.കെ.എസ്.മോട്ടോഴ്സ്, വാര്യാപുരം |

ഇത്തരത്തിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് മൂലം ലൈസൻസ് ഫീസിനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ടതായ വരുമാനത്തിൽ നല്ലൊരു തുക കുറവു വന്നിട്ടുണ്ട്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതും ചട്ടങ്ങൾ പ്രകാരം ലൈസൻസ് ആവശ്യമായതുമായ എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടു വരികയും ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമാനുസൃത തുടർ നപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. ലൈസൻസ് പരിധിയിൽ നിന്നും സ്ഥാപനങ്ങൾ ഒഴിവായി പോകാതിരിക്കാൻ തദ്ദേശഭരണ സ്ഥാപനത്തിലെ മുഴുവൻ വ്യാപാര വ്യവസായ സ്ഥാപനങ്ങൾക്കും വാർഡ് അടിസ്ഥാനത്തിൽ പ്രത്യേക നമ്പർ നൽകി അവയുടെ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കാവുന്നതാണെന്ന് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ (സ.ഉ.(കൈ)നം.84/2022/തസ്വഭവ തീയതി: 19.04.2022) വിഭവ സമാഹരണം സംബന്ധിച്ച അദ്ധ്യായത്തിൽ (ഖ.5.1(5)) പരാമർശിച്ചിട്ടുണ്ട്. ആയത് പ്രാബല്യത്തിൽ വരുത്തുന്നതിനുള്ള സാധ്യതകളും പരിശോധിക്കാവുന്നതാണ്.

## 1-14 രജിസ്ട്രേഷനില്ലാതെ പ്രൈവറ്റ് ഹോസ്പിറ്റലുകളും പാരാമെഡിക്കൽ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നു

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്വകാര്യ ഹോസ്പിറ്റലുകളും പാരാമെഡിക്കൽ സ്ഥാപനങ്ങളും 2022-23 സാമ്പത്തിക വർഷം കേരള പഞ്ചായത്ത്‌രാജ് (പ്രൈവറ്റ് ഹോസ്പിറ്റലുകളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ 1997 പ്രകാരമുള്ള രജിസ്ട്രേഷൻ എടുത്തിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ. നം. | സ്ഥാപനത്തിന്റെ വിവരങ്ങൾ |
|---|---|
| 1 | ബയോകെയർ ലബോറട്ടറി, ഇലന്തൂർ |
| 2 | നാഗാർജ്ജുന ആയുർവ്വേദ, ഇലന്തൂർ |

ഗ്രാമ പഞ്ചായത്തിൽ മുൻകൂർ രജിസ്റ്റർ ചെയ്യാതെ യാതൊരു പ്രൈവറ്റ് ഹോസ്പിറ്റലുകളും പ്രൈവറ്റ് പാരാമെഡിക്കൽ സ്ഥാപനങ്ങളും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിപ്പിക്കാൻ പാടില്ലായെന്ന് മേൽപ്പറഞ്ഞ ചട്ടങ്ങളിലെ ചട്ടം 3(1) – ൽ നിഷ്കർഷിച്ചിട്ടുള്ളതാണ്. രജിസ്ട്രേഷനില്ലാതെയും നിയമവിരുദ്ധമായി പ്രവർത്തിക്കുകയും ചെയ്യുന്ന പ്രൈവറ്റ് ഹോസ്പിറ്റലുകൾ പ്രൈവറ്റ് പാരാമെഡിക്കൽ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും ചട്ടം 8-പ്രകാരം 5000/- രൂപ വരെ പിഴ ഈടാക്കാവുന്നതും നിയമ വിരുദ്ധ പ്രവർത്തനങ്ങൾ തുടരുന്ന പക്ഷം ഓരോ ദിവസത്തേക്കും 500/- രൂപ നിരക്കിൽ അധിക പിഴ ഈടാക്കാവുന്നതുമാണ്.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ പ്രൈവറ്റ് ഹോസ്പിറ്റലുകളും പ്രൈവറ്റ് പാരാമെഡിക്കൽ സ്ഥാപനങ്ങളും ചട്ടങ്ങൾ അനുശാസിക്കുന്ന പ്രകാരമുള്ള രജിസ്ട്രേഷൻ എടുത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-15 ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ്

2022-23-ൽ പഞ്ചായത്തിൽ നിന്നും ലൈസൻസ് അനുവദിച്ച ചുവടെ കൊടുത്തിട്ടുള്ള സ്ഥാപനങ്ങളുടെ ലൈസൻസ് ഫീസ് കണക്കാക്കിയത് കൃത്യമായല്ല. തൻമൂലം ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ് വന്നിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

A). 7-ാം വാർഡിലെ 333-ാം നമ്പർ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന എസ്.എസ്.ഹ്യൂണ്ടായി എന്ന സ്ഥാപനത്തിൽ നിന്നും ലൈസൻസ് ഫീയായി 5000രൂപയാണ് ഈടാക്കിയിട്ടുള്ളത്. സേവനമേഖലയിൽ പ്രവർത്തിക്കുന്ന

ടി.സ്ഥാപനത്തിന്റെ ക്യാപിറ്റൽ ഇൻവെസ്റ്റ്മെന്റ് 4കോടി രൂപയാണെന്ന് പി.സി.ബി. സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയിട്ടുണ്ട്. മീഡിയം എന്റർപ്രൈസസ് വിഭാഗത്തിൽപ്പെടുന്ന ടി.സ്ഥാപനത്തിൽ നിന്നും 10000രൂപ വരെ ലൈസൻസ് ഫീസായി ഈടാക്കാമായിരുന്നു.

B). 4-ാം വാർഡിലെ 412-ാം നമ്പർ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന റ്റി.വി.എസ്. മൊബിലിറ്റി പ്രൈ. ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും ലൈസൻസ് ഫീയായി 5000രൂപയാണ് ഈടാക്കിയിട്ടുള്ളത്. സേവനമേഖലയിൽ പ്രവർത്തിക്കുന്ന ടി.സ്ഥാപനത്തിന്റെ ക്യാപിറ്റൽ ഇൻവെസ്റ്റ്മെന്റ് 2.33 കോടി രൂപയാണെന്ന് പി.സി.ബി. സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയിട്ടുണ്ട്. മീഡിയം എന്റർപ്രൈസസ് വിഭാഗത്തിൽപ്പെടുന്ന ടി.സ്ഥാപനത്തിൽ നിന്നും 10000രൂപ വരെ ലൈസൻസ് ഫീസായി ഈടാക്കാമായിരുന്നു.

C). 7-ാം വാർഡിലെ 336-ാം നമ്പർ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്റ്റാർ മോട്ടോഴ്സ് എന്ന സ്ഥാപനത്തിൽ നിന്നും ലൈസൻസ് ഫീയായി 4000രൂപയാണ് ഈടാക്കിയിട്ടുള്ളത്. സേവനമേഖലയിൽ പ്രവർത്തിക്കുന്ന ടി.സ്ഥാപനത്തിന്റെ ക്യാപിറ്റൽ ഇൻവെസ്റ്റ്മെന്റ് 54.50 ലക്ഷം രൂപയാണെന്ന് ലൈസൻസ് അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. സ്മാൾ എന്റർപ്രൈസസ് വിഭാഗത്തിൽപ്പെടുന്ന ടി. സ്ഥാപനത്തിൽ നിന്നും 5000രൂപ വരെ ലൈസൻസ് ഫീസായി ഈടാക്കാമായിരുന്നു.

ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവുണ്ടായത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (8/16.09.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. കുറവ് വന്ന ലൈസൻസ് ഫീസ് ടി.സ്ഥാപനങ്ങളിൽ നിന്നും ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ലൈസൻസ് അപേക്ഷകളിൽ മൂലധന നിക്ഷേപം കൃത്യമായി രേഖപ്പെടുത്തുന്നതിന് നിർദ്ദേശം നൽകേണ്ടതും സാധുവായ രേഖകളുടെ അടിസ്ഥാനത്തിൽ അവയുടെ ആധികാരികത പരിശോധിച്ച് ലൈസൻസ് ഫീസ് നിശ്ചയിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-16 കശാപ്പുശാലയുടെ ലൈസൻസ് ഫീസ് നിശ്ചയിച്ചത് ചട്ടപ്രകാരമല്ല.

ഗ്രാമപഞ്ചായത്ത് 13-ാം വാർഡിൽ 410, 411 നമ്പർ കെട്ടിടങ്ങളിൽ കശാപ്പുശാല നടത്തുന്നതിന് ശ്രീ. കെ. ജെ. സജി, ചിറയിൽ ഹൗസ്, കാരംവേലി, ഇലന്തൂർ എന്നയാൾക്ക് 30.04.2022-ൽ ലൈസൻസ് അനുവദിച്ചിട്ടുണ്ട്. മുൻവർഷങ്ങളിലും ടിയാനു കശാപ്പുശാല നടത്തുന്നതിന് ലൈസൻസ് അനുവദിച്ചിരുന്നു. ലൈസൻസ് ഫീസായി 2022-23-ൽ 2000രൂപയാണ് ഈടാക്കിയിട്ടുള്ളത്. 1996-ലെ കേരള പഞ്ചായത്ത്രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും ചട്ടങ്ങൾ) ചട്ടം 35 പ്രകാരം നിലവിലുള്ള ഒരു കശാപ്പുശാലയുടെ ലൈസൻസ് ഫീസ് ഏറ്റവും കുറഞ്ഞത് 500 രൂപ എന്നതിന് വിധേയമായി ആ കശാപ്പുശാലയുടെ മുൻവർഷത്തെ മൊത്തവരുമാനത്തിന്റെ ഇരുപതു ശതമാനമായി നിജപ്പെടുത്തേണ്ടതാണ്. കശാപ്പുശാലയ്ക്ക് ലൈസൻസ് ലഭിച്ചിട്ടുള്ള ആളുകൾ കശാപ്പുശാലയിൽ ലഭിക്കുന്ന ഓരോ തുകയ്ക്കും രസീത് നൽകേണ്ടതും ശരിയായ കണക്കുകളും രജിസ്റ്ററുകളും എഴുതി സൂക്ഷിക്കേണ്ടതുമാണ്. ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷയോടൊപ്പം കശാപ്പുശാലയെ സംബന്ധിച്ച മുൻവർഷത്തെ (അല്ലെങ്കിൽ ലൈസൻസിന് അപേക്ഷിക്കുന്ന തീയതി മുതൽ തൊട്ടുപിന്നിലെ പന്ത്രണ്ടു മാസത്തെ) വരവും ചെലവും കാണിക്കുന്ന ഒരു പട്ടിക കൂടി സമർപ്പിക്കേണ്ടതാണെന്ന് ചട്ടം 36-ൽ നിഷ്കർച്ചിട്ടുണ്ട്. എന്നാൽ ഈ ചട്ടങ്ങളൊന്നും പാലിക്കാതെയാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്. കശാപ്പുശാലയുടെ മുൻവർഷത്തെ വരവു ചെലവു കണക്കുകൾ ഹാജരാക്കിയിട്ടില്ല. മുൻവർഷത്തെ വരുമാനം കൃത്യമായി പരിശോധനാ വിധേയമാക്കി ലൈസൻസ് ഫീസ് നിശ്ചയിക്കാതിരുന്നത് മൂലം ഈയിനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ടതായ വരുമാനത്തിൽ കുറവുണ്ടാകാനിടയായി.

ആയത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (9/16.09.23) വ്യക്തമായ മറുപടി ലഭ്യമാക്കിയിട്ടില്ല. ജില്ലയിലെ പല തദ്ദേശഭരണ സ്ഥാപനങ്ങളിലെയും ഇറച്ചി സ്റ്റാളുകളിൽ വിൽപ്പന നടത്തുന്നത് ഇലന്തൂരിലെ അംഗീകൃത കശാപ്പുശാലയിൽ നിന്നുള്ള മാംസമാണെന്ന് പ്രസ്തുത സ്ഥാപനങ്ങളുടെ ഓഡിറ്റിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ പഞ്ചായത്തിന് തുച്ഛമായ തുകയാണ് ലൈസൻസ് ഫീസിനത്തിൽ ലഭിച്ചിട്ടുള്ളത്. ചട്ടം 36 പ്രകാരം കശാപ്പുശാലയിൽ ലഭിക്കുന്ന എല്ലാ തുകയ്ക്കും ലൈസൻസി രസീത് നൽകേണ്ടതും കൃത്യമായ അക്കൗണ്ടുകളും രജിസ്റ്ററുകളും സൂക്ഷിക്കേണ്ടതുമാണ്. സെക്രട്ടറിയ്ക്കോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ അവ പരിശോധിക്കാവുന്നതാണ്. കശാപ്പുശാലയിലെ വരവു ചെലവ് കണക്കുകൾ പരിശോധനാ വിധേയമാക്കി ആയതിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് നിശ്ചയിക്കുന്നതിനും മുൻ വർഷങ്ങളിൽ ലൈസൻസ് തുകയിലുണ്ടായ നഷ്ടം കണക്കാക്കി ടി.തുക ലൈസൻസിയിൽ നിന്നും ഈടാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 1-17 നിർമ്മാണം പൂർത്തീകരിച്ച ഇലന്തൂർ മാർക്കറ്റിലെ മീറ്റ് സ്റ്റാളിൽ പ്രവർത്തനമില്ല.

ഇലന്തൂർ മാർക്കറ്റിൽ പഴയ ഷോപ്പിംഗ് കോംപ്ലക്സിനോടു ചേർന്നുള്ള ഇറച്ചി സ്റ്റാൾ കെട്ടിടത്തിനു നവീകരണം നടത്തുന്നതിനായി 3 ലക്ഷം രൂപ വകയിരുത്തി പദ്ധതി ആവിഷ്കരിച്ചിരുന്നു. നിലവിലുള്ള കെട്ടിടത്തിനു മുമ്പിലായി

ഷെഡ് നിർമ്മിക്കുന്നതിനും ടൈൽ ഇടുന്നതിനുമായിരുന്ന എസ്റ്റിമേറ്റ് തയ്യാറാക്കിയത്. ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ നവീകരിച്ച കെട്ടിടം പ്രവർത്തനസജ്ജമല്ലായെന്നും പരിസരം കാടുപിടിച്ച് കിടക്കുകയാണെന്നും കണ്ടു. ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നമ്പർ /പേര് | SO 48/2022-23, ഇലന്തൂർ മാർക്കറ്റ് ഇറച്ചി സ്റ്റാൾ നവീകരണം |
| ഫണ്ട് വകയിരുത്തിയത് | തനതു ഫണ്ട് - 269205 |
| ചെലവഴിച്ചത് | 269205 |
| എഗ്രിമെന്റ് നമ്പർ | 24/ 01-12-2021 |
| കരാറുകാരൻ | K S പുരുഷോത്തമൻ, വട്ടപ്പറമ്പിൽ, മലയാലപ്പുഴ താഴം, പത്തനംതിട്ട |



നിലവിൽ ഇലന്തൂർ മാർക്കറ്റിൽ ഇറച്ചി വിൽക്കുന്നതിനുള്ള അവകാശം ശ്രീ ഫിലിപ്പ് തോമസ്, പേർക്കോട് പടിഞ്ഞാറെ മുറിയിൽ, ഇലന്തൂർ എന്നയാൾക്ക് 82000 രൂപയ്ക്ക് 2022 നവംബറിൽ ലേലം ചെയ്തു നൽകിയിരുന്നു. ഇദ്ദേഹം നവീകരിച്ച ഈ കെട്ടിടം ഉപയോഗിക്കുന്നില്ലായെന്ന് ഓഡിറ്റ് നടത്തിയ അന്വേഷണത്തിൽ ബോദ്ധ്യപ്പെട്ടു. പൊളിഞ്ഞു വീഴാറായ പഴയ ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടത്തിലാണ് ഇപ്പോഴും ഇറച്ചി വിൽപ്പന നടത്തുന്നത്.



ഇലന്തൂർ സാമൂഹികാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസറുടെ 17.07.2021 ലെ 1183/2021 നമ്പർ കത്ത് പ്രകാരം ഇറച്ചിവിൽപ്പനയ്ക്കുള്ള സ്റ്റാൾ മൂന്നു വശവും ഗ്ലാസ്സ് ഇട്ട് മറയ്ക്കണമെന്നും ടൈൽ പതിപ്പിച്ച ഫ്ലോറും 8 അടി ഉയരത്തിൽ ഭിത്തിയും ടൈൽ പതിപ്പിക്കണമെന്നും അറിയിച്ചിരുന്നു.തുടർച്ചയായ ശുദ്ധജലവിതരണം ആവശ്യമാണെന്നും നിത്യവും ഫ്ലോർ കഴുകേണ്ടതാണെന്നും സോക്ക്പിറ്റ് സംവിധാനം ഏർപ്പെടുത്തണമെന്നും നിർദ്ദേശിച്ചിരുന്നു. മേൽ മാനദണ്ഡങ്ങൾ നിലനിൽക്കെ ഇറച്ചി വിൽപ്പനയ്ക്കായി കെട്ടിടം തയ്യാറാക്കിയിട്ടും ഇതുപയോഗിക്കാതിരിക്കുന്നത് വീഴ്ചയാണ്.

1996-ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങളിലെ ചട്ടം 6 പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയിൽ നിന്ന് ഫോറം നമ്പർ 1-ൽ ലഭിച്ച ബുച്ചർ ലൈസൻസ് നേടിയിട്ടില്ലാത്തവർ കശാപ്പ് നടത്തുന്ന യാതൊരു അനധികൃത കശാപ്പ് ശാലകളും ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുവാൻ അനുവദിക്കരുതെന്നും എല്ലാ അനധികൃത ഇറച്ചി വിൽപ്പന ശാലകളും അടച്ച് പൂട്ടണമെന്നും ബഹുമാനപ്പെട്ട ഹൈക്കോടതി വിധിന്യായങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട് (WP(C) നം.13805/04, 37093/04, 7000/05, 2991, 3923, 8233, 9297, & 12998/06, 704/09 & 6031/09). വെറ്റിനറി സർജന്റെ നിർദ്ദേശപ്രകാരം അംഗീകൃത കശാപ്പുശാലയിൽ നിന്നും സർട്ടിഫൈ ചെയ്ത മാംസ മാത്രമാണ് വിൽപ്പനയ്ക്ക് വയ്ക്കേണ്ടത്. വിൽപ്പനക്കാരൻ പകർച്ചവ്യാധി മുക്തനാണെന്ന സർട്ടിഫിക്കറ്റ് ആറുമാസം കൂടുമ്പോൾ പുതുക്കേണ്ടതാണ്. പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ അംഗീകാരം ലൈസൻസിയ്ക്ക് ലഭ്യമാകേണ്ടതുമാണ്. ഈ വിധത്തിലുള്ള നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ടാണ് ഇറച്ചിവിൽപ്പനയ്ക്കുള്ള ലൈസൻസ് നൽകിയതെങ്കിൽ ആയതിന്റെ രേഖകൾ ഓഡിറ്റിനു ഹാജരാക്കണമെന്നാവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.15/18.09.2023 ) മറുപടിയായി നിലവിലെ ഇറച്ചിവിൽപ്പനക്കാരനോടു അൺഫിറ്റ് ആയ കെട്ടിടത്തിൽ നിന്നും ഒഴിഞ്ഞു പോകുന്നതിനു കത്ത് നൽകിയതായി മറുപടി നൽകി. ഇദ്ദേഹം ട്രിബ്യൂണലിൽ കേസ് നൽകി അൺഫിറ്റായ കെട്ടിടത്തിൽ തുടരുന്നതിനുള്ള വിധി സമ്പാദിച്ചതായും ഓഡിറ്റിനെ അറിയിച്ചു. ഗ്രാമപഞ്ചായത്ത് നിർമ്മിച്ച പുതിയ ഇറച്ചി സ്റ്റാളിൽ

വ്യത്തിയോടുകൂടി മാംസം വാങ്ങുന്നതിനുള്ള അവകാശം പൊതുജനങ്ങൾക്ക് നിഷേധിക്കുന്നത് ശരിയായ നടപടിയല്ല. ആയതിനാൽ കരാർ ലംഘനം നടത്തിയ ലേലം റദ്ദാക്കുന്നതിനും പുതിയ ലേലം നടത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കാൻ ഭരണസമിതി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-18 പഞ്ചായത്തിന്റെ ആസ്തിയിലില്ലാത്ത ഭൂമിയിൽ അങ്കണവാടി കെട്ടിട നിർമ്മാണം - 2.53 ലക്ഷം രൂപ പാഴ്ചെലവായി.

പഞ്ചായത്തിന്റെ ആസ്തിയിൽ നിയമാനുസൃതം ഉൾപ്പെടുത്താത്ത ഭൂമിയിൽ (റീസർവ്വെ നമ്പർ 26/4, 02.20 ആർ' ഇലന്തൂർ വില്ലേജ്, പത്തനംതിട്ട) അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിനു പദ്ധതി തയ്യാറാക്കുകയും ബേസ്മെന്റ് നിർമ്മിക്കുകയും ചെയ്തു. ഉടമസ്ഥൻ ബഹു കേരള ഹൈക്കോടതിയിൽ കേസിനു (Wpc 19217 Of 2022) പോയതിനെത്തുടർന്ന് കെട്ടിട നിർമ്മാണം ഉപേക്ഷിക്കപ്പെട്ടതായി വ്യക്തമായി.



ഗ്രാമപഞ്ചായത്തിലെ ഒന്നാം വാർഡിലുള്ള 104 ാം നമ്പർ അങ്കണവാടിയുടെ മെയിന്റനൻസിനായി 2021-22 ൽ 4 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ടെണ്ടർ ക്ഷണിക്കുകയും ചെയ്തിരുന്നു. പ്രവർത്തിച്ചുകൊണ്ടിരുന്ന അങ്കണവാടി അപകടാവസ്ഥയിൽ ആയതിനാൽ ഇതു പൊളിച്ച് മാറ്റുന്നതിനും ബേസ്മെന്റ് നിർമ്മിക്കുന്നതിനും മാത്രമായിരുന്നു ഏക വർഷ പദ്ധതി തയ്യാറാക്കിയിരുന്നത്. 50 M2 ഏരിയ ഉള്ള കെട്ടിടമാണ് നിർമ്മിക്കാനു ദ്ദേശിച്ചിരുന്നത്. കെട്ടിടത്തിന്റെ ബേസ്മെന്റ് നിർമ്മിക്കുന്നതിനായി 2.53 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ /പേര് | 210/2021-22, 53/2022-23, അങ്കണവാടി കെട്ടിട നിർമ്മാണം- 104ാം നമ്പർ |
| ഫണ്ട് വകയിരുത്തിയത് | കേന്ദ്രാവിഷ്കൃത ഫണ്ട് - 400000 |
| ചെലവഴിച്ചത് | 253127 (013261/14-11-2022) |
| കരാറുകാരൻ | സന്തോഷ് കുമാർ, മേലേതിൽ, പ്രക്കാനം |

വർഷങ്ങൾക്കു മുമ്പ് ദർശന മഹിളാസമാജത്തിനു ബാലവാടി തുടങ്ങുന്നതിനു കേസ് ഫയൽ ചെയ്ത ശ്രീ ജേക്കബ് മാത്യുവിന്റെ പിതാവ് ശ്രീ കെ.റ്റി മാത്യു പ്രസ്തുത സ്ഥലം ദാനമായി നൽകിയിരുന്നു. ഈ സമാജം 1997 കാലഘട്ടത്തിൽ പൂട്ടിപ്പോവുകയും ഇവിടെ അങ്കണവാടി ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് നടത്തുകയുമായിരുന്നു. ഇതു കാലപ്പഴക്കം മൂലം ഉപയോഗശൂന്യമായപ്പോളാണ് ഇലന്തൂർ ഗ്രാമപഞ്ചായത്ത് പഴയ കെട്ടിടം പൊളിക്കാൻ തീരുമാനിക്കുകയും പുതിയ കെട്ടിടം നിർമ്മിക്കാൻ പദ്ധതി തയ്യാറാക്കുകയും ചെയ്തത്. എന്നാൽ ഈ സ്ഥലം റവന്യൂ രേഖകളിൽ ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെട്ടതാണോ എന്നു പരിശോധിക്കാതെ കെട്ടിടനിർമ്മാണത്തിനു പദ്ധതിയിട്ടത് വീഴ്ചയാണ്. അപാകതകൾക്ക് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട കൊണ്ട് അസിസ്റ്റന്റ് എഞ്ചിനീയർക്കും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്കും ഓഡിറ്റ് എൻക്വയറി (നം. 11/16-09-2023) നൽകിയിരുന്നു. എന്നാൽ ഉത്തരവാദപ്പെട്ടവർ ഓഡിറ്റിനു മറുപടി നൽകിയിരുന്നില്ല.

വസ്തുവിന്റെ ഉടമസ്ഥൻ ബഹു ഹൈക്കോടതിയിൽ നൽകിയ കേസ് തള്ളിപ്പോകുകയും സിവിൽ കോടതിയെ സമീപിക്കാൻ വാദിയോടു നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് ഇതു സംബന്ധിച്ച കേസ് തുടർനടപടികൾ ഉണ്ടായാൽ സ്വീകരിക്കുന്നതിനോടൊപ്പം ഇപ്പോഴത്തെ ഉടമയുമായി ചർച്ചകൾ നടത്തി വസ്തു പേരിൽ കൂട്ടുന്നതിനും ശ്രമിക്കേണ്ടതാണ്.

പതിന്നാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ 3.5.7 പ്രകാരം (സ.ഉ(കൈ) നം. 84/2022/തസ്വഭവ; 19-04-2022) നിർമ്മാണ പ്രവൃത്തികളുടെ പ്രൊജക്റ്റ് തയ്യാറാക്കുമ്പോൾ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കണമെന്നും കെട്ടിട നിർമ്മാണം, അനുബന്ധ സൗകര്യങ്ങളായ ഇലക്ട്രിഫിക്കേഷൻ, പ്ലമ്പിംഗ് എന്നീ ഘടകങ്ങൾ ഉൾപ്പെടുത്തി ഒറ്റ പ്രൊജക്റ്റ് ആയി വേണം തയ്യാറാക്കേണ്ടത്. എന്നാൽ ബേസ്മെന്റ് മാത്രം നിർമ്മിക്കുന്നതിനു എസ്റ്റിമേറ്റ് തയ്യാറാക്കിയത് ക്രമപ്രകാരമല്ല.

മാർഗ്ഗരേഖ 3.5.6 എ(8) പ്രകാരം അങ്കണവാടികളുടെ നിർമ്മാണത്തിനായി തൊഴിലുറപ്പ പദ്ധതിയിൽ നിന്നും 5 ലക്ഷം രൂപയും വനിതശിശുവികസന വകുപ്പിന്റെ വിഹിതമായി 2 ലക്ഷം രൂപയും ലഭ്യമാണ്. എസ്റ്റിമേറ്റ് പ്രകാരം കൂടുതൽ തുക ആവശ്യമുള്ള പക്ഷം ത്രിതല പഞ്ചായത്തുകളുടെ വികസനഫണ്ട് വിഹിതം സംയോജിപ്പിച്ച് മെച്ചപ്പെട്ട സൗകര്യങ്ങളുള്ള അങ്കണവാടി കെട്ടിടം നിർമ്മിക്കാവുന്നതാണ്. വസ്തു സംബന്ധിച്ച തർക്കം പരിഹരിക്കുന്നതോടൊപ്പം ഇത്തരത്തിൽ ഫണ്ട് കണ്ടെത്തി അങ്കണവാടിയുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള തുടർനടപടികൾക്ക് ഭരണസമിതിയുടെ സവിശേഷ ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്. അതോടൊപ്പം ഗ്രാമപഞ്ചായത്തിന്റെ മറ്റു ആസ്തികളുടെ ഉടമസ്ഥാവകാശം സംബന്ധിച്ച നിലവിലെ സ്ഥിതി റവന്യൂ അധികാരികളുമായി ആശയവിനിമയം നടത്തി ഉറപ്പാക്കേണ്ടതും ഭാവിയിൽ ഇത്തരം വീഴ്ചകൾ ഒഴിവാക്കേണ്ടതുമാണ്.

## 1-19 മെയിന്റനൻസ് ഫണ്ട്- 87.19 ലക്ഷം രൂപ നഷ്ടപ്പെടുത്തി

മെയിന്റനൻസ് ഫണ്ട് റോഡ്, നോൺ റോഡ് വിഭാഗങ്ങളിലായി 2022-23 സാമ്പത്തിക വർഷം ഒരു കോടിയോളം രൂപ നഷ്ടപ്പെടുത്തി. ലഭിച്ച ഫണ്ടിന്റെയും ചെലവഴിച്ച തുകയുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വിഭാഗം | ലഭിച്ച തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം | നഷ്ടമായ തുക |
|---|---|---|---|---|
| മെയിന്റനൻസ് ഫണ്ട് - റോഡ് | 10129000 | 3908126 | 38.58% | 6220874 |
| മെയിന്റനൻസ് ഫണ്ട് - നോൺറോഡ് | 4570000 | 2071491 | 45.33% | 2498509 |
| ആകെ | 14699000 | 5979617 | 40.71% | 8719383 |

മെയിന്റനൻസ് ഗ്രാന്റ് - റോഡ് വിഭാഗത്തിൽ ആകെ 41 പ്രോജക്ടുകളാണുണ്ടായിരുന്നത്. ഇതിൽ 20 പ്രോജക്റ്റുകളിലാണ് ചെലവുണ്ടായത്. മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ് വിഭാഗത്തിൽ ആകെ 22 പ്രോജക്ടുകളാണുണ്ടായിരുന്നത്. ഇതിൽ 17പ്രോജക്റ്റുകളിലാണ് ചെലവുണ്ടായത്. അസ്സിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി തുക വകയിരുത്തിയ നിർമ്മാണ മേഖലയിലെ പ്രോജക്ടുകളിലാണ് ഇപ്രകാരം തുക ചെലവഴിക്കാതെ പോയിട്ടുള്ളത്. 2022 ഡിസംബറിന് മുമ്പായി മെയിന്റനൻസ് ഗ്രാന്റ് റോഡ്, നോൺ റോഡ് വിഭാഗങ്ങളിലായി സർക്കാർ ഗ്രാന്റ് പൂർണ്ണമായും ലഭിച്ചിരുന്നു. ഇപ്രകാരം തുക പൂർണ്ണമായും ലഭിച്ചുവെങ്കിലും വെറും 40% മാത്രമാണ് മെയിന്റനൻസ് വിഭാഗത്തിലെ ചെലവ്. പദ്ധതി ചെലവ് 80%- ത്തിൽ താഴെയായതിനാൽ സ്പിൽ ഓവർ പ്രോജക്ടുകൾക്ക് തുക ക്യാരി ഓവർ ചെയ്ത് കിട്ടുകയില്ല. തന്മൂലം പ്രോജക്ടുകൾ സ്പിൽ ഓവറാക്കിയാലും ചെലനിനാവശ്യമായ തുക തൻവർഷത്തെ പദ്ധതി തുകയിൽ നിന്നും കണ്ടെത്തണം. ഇത് തൻ വർഷത്തെ പദ്ധതി നിർവ്വഹണത്തെ ഗുരുതരമായി ബാധിക്കും.

പ്രവൃത്തികൾ ടെണ്ടർ ചെയ്യുന്നതിലെ കാലതാമസം, എഞ്ചിനീയറിംഗ് വിഭാഗത്തിലെ ജീവനക്കാരുടെ അഭാവം, കരാറുകൾ പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കുന്നതിൽ ഉണ്ടായ വീഴ്ച്ച എന്നിവ ഗ്രാമപഞ്ചായത്തിന്റെ പദ്ധതിനിർവ്വഹണത്തെ ഗുരുതരമായി ബാധിച്ചതായി എക്സിറ്റ് മീറ്റിംഗിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അറിയിച്ചിരുന്നു. പ്രവൃത്തികൾ യഥാസമയം പൂർത്തീകരിച്ച് തുക ചെലവഴിക്കുന്നതിൽ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെയും നിർവ്വഹണ ഉദ്യോഗസ്ഥന്റെയും ഭാഗത്തു നിന്നും ക്രിയാത്മകമായ സമീപനം ഉണ്ടാകേണ്ടതുണ്ട്. അല്ലാത്തപക്ഷം ഇപ്രകാരം വലിയ തോതിൽ ഓരോ വർഷവും ഫണ്ട് ലാപ്സാകുന്നതിന് കാരണമാകും . പ്രസ്തുത വിഷയം ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതിനായി ഭരണസമിതിയുടെ സത്വര ശ്രദ്ധക്കായി സമർപ്പിക്കുന്നു.

## 1-20 വെള്ളക്കരം ഗ്രാമപഞ്ചായത്തിന് ബാധ്യത

ഗ്രാമപഞ്ചായത്തിൽ 97 പൊതു ടാപ്പുകളാണുള്ളത്.ഇവയുടെ വെള്ളക്കരമിനത്തിൽ 117685 രൂപയാണ് മാസം തോറും നിലവിൽ അടവാക്കി വരുന്നത്. 2023 മാർച്ച് മാസം പൊതു ടാപ്പുകളുടെ വെള്ളക്കരം കേരള വാട്ടർ അതോറിറ്റി വർദ്ധിപ്പിച്ചു. ഒരു ടാപ്പിന് ഒരു വർഷം 5750 രൂപ എന്നുള്ളത് 14550രൂപയായിട്ടാണ് വർദ്ധിപ്പിച്ചത്. ഇത് പ്രകാരം 46786 രൂപ മാത്രമായിരുന്ന വെള്ളക്കരം

2023 മാർച്ച് മാസം മുതൽ 174708 രൂപയായി വർദ്ധിച്ചു.

വാട്ടർ അതോറിറ്റിയും ഗ്രാമപഞ്ചായത്തും ചേർന്ന് സംയുക്ത പരിശോധന നടത്തി 24-07-2023- ൽ പൊതു ടാപ്പുകളുടെ എണ്ണം 68 ആക്കി പുന:ക്രമീകരിച്ച് വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും ഗ്രാമപഞ്ചായത്തിനെ അറിയിച്ചിരുന്നു. എന്നാൽ ഇതിനെ തുടർന്ന് 04-08-2023- ൽ ഗ്രാമപഞ്ചായത്തിന് ലഭ്യമാക്കിയ ബില്ലിലും 97 ടാപ്പുകളുടെ വെള്ളക്കരമായ 174708 രൂപ അടവാക്കുന്നതിനാണ് വാട്ടർ അതോറിറ്റിയിൽ നിന്നും ഗ്രാമപഞ്ചായത്തിനെ അറിയിച്ചത്.

വാട്ടർ അതോറിറ്റിയിൽ നിന്നും സംയുക്ത പരിശോധനക്ക് ശേഷവും ടാപ്പുകളുടെ എണ്ണം വാട്ടർ അതോറിറ്റിയിൽ നിന്നും ക്രമീകരിച്ച് നൽകാത്ത സാഹചര്യത്തിൽ ടി വിഷയത്തിൽ ഭരണസമിതി അടിയന്തിരമായി തുടർനടപടി സ്വീകരിക്കേണ്ടതും തുടർ നടപടികളുടെ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-21 ജലജീവൻമിഷൻ -പദ്ധതിക്ക് മോണിട്ടറിംഗ് ഇല്ല – പ്രവൃത്തികളിൽ അപാകം

ജലജീവൻമിഷൻ പദ്ധതി പ്രകാരം ഗാർഹിക പൈപ്പ് കണക്ഷൻ നൽകുന്ന പ്രവൃത്തികൾ നടപ്പാക്കി വരുന്നുണ്ട്. എന്നാൽ പദ്ധതി പ്രകാരം നാളിതുവരെ എത്ര ഗുണഭോക്താക്കൾക്ക് ഗാർഹിക പൈപ്പ് ലൈൻ സ്ഥാപിച്ച്

നൽകിയെന്നും ആയതിന് ആകെ എത്ര രൂപ ചെലവഴിച്ചു എന്നും നിർവ്വഹണ ഏജൻസി ആയ കേരള വാട്ടർ അതോറിറ്റി പഞ്ചായത്തിനെ അറിയിച്ചിട്ടില്ല. പ്രവൃത്തിക്കായി കുഴിക്കുന്ന ഭാഗം പൂർവ്വസ്ഥിതിയിൽ ആക്കിയിട്ടില്ല എന്നും ഇത് റോഡുകളുടെ സ്ഥിതി ശോചനീയമാക്കിയെന്നും എക്സിറ്റ് കോൺഫറൻസിൽ ജനപ്രതിനിധികൾ അറിയിച്ചു.

ബഹു. ജില്ലാ കളക്ടറുടെ അധീനതയിലും കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർ മെമ്പർ സെക്രട്ടറി ആയും പ്രവർത്തിക്കുന്ന ഡിസ്ട്രിക്ട് വാട്ടർ & സാനിട്ടേഷൻ മിഷനാണ് പദ്ധതിയുടെ നടത്തിപ്പ് ചുമതല. പദ്ധതിയുടെ Implementation Support Agency (ISA) ആയി ചപ്പാത്ത് ശാന്തിഗ്രാം എന്ന സ്ഥാപനത്തെ (Voluntary Organisation) യാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. ഗ്രാമപ്പഞ്ചായത്ത്, വാട്ടർ അതോറിറ്റി, ISA ആയ ശാന്തിഗ്രാം എന്നീ സ്ഥാപനങ്ങൾ തമ്മിൽ 29.11.2021 ൽ 4/2021-22 നമ്പരായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. കരാർ കാലയളവിൽ പദ്ധതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ സംബന്ധിച്ച് ഫീൽഡ് സന്ദർശനം, പരിശോധന എന്നിവ നടത്തുന്നതിന് ഗ്രാമപ്പഞ്ചായത്തിനെ സഹായിക്കുക, പദ്ധതിയുമായി ബന്ധപ്പെട്ട് സൃഷ്ടിച്ച ആസ്തികളുടെ വിവരം ശേഖരിച്ച് പഞ്ചായത്തിന് നൽകുക എന്നിവ ISAക്ക് ഏർപ്പെടുത്തിയിട്ടുള്ള പ്രധാന ചുമതലകളിൽപ്പെട്ടവയാണ് എന്നാൽ കരാറിൽ വ്യവസ്ഥ ചെയ്തത് പ്രകാരമുള്ള മേൽസൂചിപ്പിച്ച പ്രവർത്തനങ്ങൾ ഒന്നുംതന്നെ ശാന്തിഗ്രാം നടത്തിയിട്ടില്ല എന്ന് ഇത് സംബന്ധിച്ച ഫയലിൽ നിന്ന് വ്യക്തമാണ്. കരാറിൽ ഏർപ്പെട്ടതല്ലാതെ ടി സ്ഥാപനം പഞ്ചായത്തുമായി യാതൊരു കത്തിടപാടുകളും നടത്തുകയോ പദ്ധതി സംബന്ധിച്ച റിപ്പോർട്ടുകൾ നൽകുകയോ ചെയ്തിട്ടില്ല. തുകയുടെ വിനിയോഗം സംബന്ധിച്ച രേഖകൾ പരിശോധിച്ച് ബോധ്യപ്പെടുന്നതിന് ഗ്രാമപ്പഞ്ചായത്തിന് അവകാശമുണ്ട് എന്ന് പദ്ധതി സംബന്ധിച്ച് ഗ്രാമപ്പഞ്ചായത്ത്, വാട്ടർ അതോറിറ്റി, ശാന്തിഗ്രാം ( Implementing Support Agency) എന്നീ സ്ഥാപനങ്ങൾ തമ്മിലുള്ള കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ആയത് പാലിക്കപ്പെട്ടിട്ടില്ല.

പദ്ധതിയുമായി ബന്ധപ്പെട്ട കരാർ മാത്രമാണ് ഫയലിലുള്ളത്. ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് (DPR) , എസ്റ്റിമേറ്റ് എന്നിവ പഞ്ചായത്ത് വാട്ടർ അതോറിറ്റിയിൽ നിന്ന് ലഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ DPR പ്രകാരം ആകെ അടങ്കൽ എത്രയാണെന്നതിന്റെ വിവരവും ലഭ്യമല്ല.

പദ്ധതിയുടെ പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതിനും പ്രവൃത്തിക്കായി കുഴിച്ച റോഡുകൾ പൂർവ്വസ്ഥിതിയിലാക്കുന്നതിനും ഭരണതലത്തിൽ നടപടികൾ സ്വീകരിക്കുന്നതിന് ശുപാർശ ചെയ്യുന്നു.

## 1-22 ലൈഫ് മിഷൻ വായ്പ- അധികമായി തുക തിരികെ അടവാക്കി

ലൈഫ് മിഷൻ പദ്ധതി - കെ.യു.ആർ.ഡി.എഫ്.സി വായ്പ ഇനത്തിൽ 400000/- രൂപയാണ് ഗ്രാമപഞ്ചായത്ത് എടുത്തിട്ടുള്ളത്. എന്നാൽ 1661185/- രൂപയാണ് ഗ്രാമപഞ്ചായത്ത് തിരികെ അടവാക്കിയിട്ടുള്ളത്. ഇപ്രകാരം 1261185/- രൂപ അധികമായി തിരിച്ചടച്ചു. ലോൺ തുകയുടെ വിശദാംശങ്ങൾ ചുവടെ പറയും പ്രകാരമാണ്.

| സാമ്പത്തിക വർഷം | ഈടാക്കിയ തുക | ലോൺ അടവാക്കുവാൻ അവശേഷിക്കുന്നത് |
|---|---|---|
| 2019-20 | Nil | 4,00,000 |
| 2020-21 | 264000 | 136000 |
| 2021-22 | 396000 | -260000 |
| 2022-23 | 1001185 | -1261185 |
| ആകെ | 1661185 | -1261185 |

ഭവനനിർമ്മാണത്തിനായി കെ.യു,ആർ.ഡി.എഫ്.സി വായ്പ ഇനത്തിൽ 400000 രൂപയാണ് വായ്പ എടുത്തതെങ്കിലും വികസന ഫണ്ട്, എസ്.സി.പി ഫണ്ട് എന്നീ വിഭാഗങ്ങളിലായി 1661185 രൂപയാണ് സോഴ്സ് ഡിഡക്ഷൻ പ്രകാരം ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്നും തിരികെ പിടിച്ചിട്ടുള്ളത്. ഇത് പ്രകാരം 1261185 രൂപ അധികമായി അടവാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് എടുക്കാത്ത ലോൺ തുകയാണ് ഇപ്രകാരം അധികമായി തിരിച്ചടച്ചിട്ടുള്ളത്. ആയതിനാൽ പ്രസ്തുത വിഷയത്തിൽ ഗ്രാമപഞ്ചായത്ത് അടിയന്തിരമായി തുടർനടപടികൾ സ്വീകരിക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-23 സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം-മരണപ്പെട്ടവരെ യഥാസമയം പെൻഷൻ ഡേറ്റാ ബേസിൽ നിന്ന് ഒഴിവാക്കുന്നില്ല

മരണപ്പെട്ടവരേയും അനർഹരായവരേയും പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കുന്നതിന് നിരവധി ഉത്തരവുകളും സർക്കുലറുകളും ധനകാര്യ വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഇക്കാര്യത്തിൽ പ്രസ്തുത ഉത്തരവുകളിലെ നിർദ്ദേശം പൂർണ്ണമായി പാലിക്കുന്നതിന് ഗ്രാമപഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടുള്ളതായി കാണുന്നില്ല. സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണ രേഖകളും ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മരണങ്ങളുടെ രേഖകളും പരിശോധിച്ചതിൽ, താഴെച്ചേർക്കുന്ന മരണപ്പെട്ടുപോയ ക്ഷേമ പെൻഷൻ ഗുണഭോക്താക്കൾ ഇപ്പോഴും സേവന പെൻഷൻ ഡാറ്റാ ബേസിൽ ആക്റ്റീവ് പെൻഷണേഴ്സായി നിലനിൽക്കുന്നതായി വ്യക്തമാകുന്നു.

| ക്രമ നം | മരണ രജിസ്റ്ററിലെ വിവരങ്ങൾ | | പെൻഷൻ വിവരങ്ങൾ | | |
|---|---|---|---|---|---|
| | പേര്, വിലാസം | മരണ തീയതി | പെൻഷൻ ID | ആധാർ നമ്പർ | ഡി.ബി.റ്റി. സ്റ്റാറ്റസ് |
| 1 | കുഞ്ഞുകുഞ്ഞ് എം.പി. കുട്ടപ്പാറയ്ക്കൽ, ഇലഞ്ഞർ | 28.03.2022 | 103920200225 OAP | 724187756767 | ആക്ടീവ് |
| 2 | കുഞ്ഞുകുഞ്ഞ് തോണിപ്പാറയ്ക്കൽ, വാര്യാപുരം | 29.04.2023 | 103920200201 OAP | 252446120703 | ആക്ടീവ് |
| 3 | വി.എൻ.നാരായണൻ മാലത്തുശ്ശേരിൽ, ഇലഞ്ഞർ | 14.02.2023 | 103920100134 ALP | 928366748886 | ആക്ടീവ് |
| 4 | കെ.സരോജിനി വരട്ടുചിറ കിഴക്കേതിൽ, പരിയാരം | 22.06.2023 | 103920100308 ALP | 817545904958 | ആക്ടീവ് |
| 5 | മുരളീധരൻ നായർ തെക്കേനിരവത്ത്, ഇലഞ്ഞർ | 01.07.2023 | 103920200269 OAP | 427800136445 | ആക്ടീവ് |

മരണപ്പെട്ടവരേയും, അനർഹരായവരേയും പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കുന്നത് സംബന്ധിച്ച് ധനവകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള സർക്കുലറിലെ (63/2021/ധന, തീ.02.08.21) നിർദ്ദേശങ്ങൾ ഗ്രാമപഞ്ചായത്ത് പാലിക്കാതിരിക്കുന്നത് സംസ്ഥാന സർക്കാരിന് ബാദ്ധ്യത വരുത്തുന്നതിന് ഇടയാക്കും. പെൻഷൻ ഗുണഭോക്താക്കൾ മറ്റ് തദ്ദേശസ്ഥാപന പരിധിയിൽ മരണപ്പെട്ടാൽ അങ്ങനെയുള്ളവരുടെ വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർമാർ മുഖേന ശേഖരിച്ച് അതാത് മാസം പെൻഷൻ ഡേറ്റബേസിൽ നിന്നും ഒഴിവാക്കുവാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ബാധ്യസ്ഥരാണെന്ന് സ.ഉ.(എം.എസ്)നം.97/2020/ധന. തീ.23.09.2020 നമ്പർ ഉത്തരവിൽ സർക്കാർ വ്യക്തമാക്കിയിരുന്നു. എന്നാൽ പ്രസ്തുത നിർദ്ദേശങ്ങൾ ഗ്രാമപഞ്ചായത്ത് പാലിച്ചിട്ടില്ല. അപാകതകൾ പരിഹരിച്ച് മരണപ്പെട്ടവരുടെ പെൻഷൻ സസ്പെൻഡ് ചെയ്യുന്നതിന് ഗ്രാമപഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-24 പാർശ്വഭിത്തി നിർമ്മാണത്തിന് ബോണ്ട് സ്റ്റോൺ ഉപയോഗിക്കുന്നതിൽ സുതാര്യതയില്ല.

2022-23 സാമ്പത്തിക വർഷം പഞ്ചായത്തിൽ നടപ്പാക്കിയ DR കല്ല് കെട്ടിന് DSR-2018 (75.7.1) എന്ന നിരക്ക് എസ്റ്റിമേറ്റുകളിൽ നൽകിയതായി കണ്ടു. Bond Stone ഉപയോഗിച്ചുള്ളDSR 75.7.1 എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുമ്പോൾ നിരക്ക് ₹5988.21/m3 ആയി വർദ്ധിച്ചിട്ടുണ്ട്. ഈ നിരക്ക് വർദ്ധനയ്ക്ക് കാരണം കേരളത്തിൽ ഉപയോഗത്തിൽ പരിചിതമല്ലാത്ത Bond Stone ന്റെ നിരക്കും ഇതു സ്ഥാപിക്കുന്നതിനായി നൽകേണ്ടി വരുന്ന ലേബർ ചാർജ്ജുമാണ്.

റാൻഡമായി 3 സൈറ്റുകളിൽ ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ രണ്ടു പ്രവൃത്തികളിൽ ബോണ്ട് സ്റ്റോൺ ഉപയോഗിച്ചതായും ഒരു പ്രവൃത്തിയിൽ ഉപയോഗിക്കാതിരുന്നതായും കണ്ടു. 149/2022-23- സെന്റ് പോൾസ് ചർച്ച് ഇരുന്നകഴിക്കൽ റോഡ് സംരക്ഷണഭിത്തി, 140/2022-23, തയ്യിൽപ്പടി പെരുവുംകുളം റോഡ് സംരക്ഷണഭിത്തി എന്നീ പ്രവൃത്തികളിൽ ബോണ്ട് സ്റ്റോൺ ഉപയോഗിച്ചതായി കണ്ടപ്പോൾ 139/2022-23, മുളയ്ക്കൽപ്പടി അരീക്കൽ കുരിശ്ശടി റോഡ് സംരക്ഷണഭിത്തി നിർമ്മാണത്തിൽ ബോണ്ട്സ്റ്റോൺ ഉപയോഗിച്ചിട്ടില്ല എന്ന ബോദ്ധ്യപ്പെട്ടിട്ടുണ്ട്.


(ബോണ്ട് സ്റ്റോൺ ഉപയോഗിച്ചുള്ളത്)


(ബോണ്ട് സ്റ്റോൺ ഉപയോഗിക്കാതെയുള്ളത്)

ബോണ്ട് സ്റ്റോൺ ഉപയോഗിക്കാതെയുള്ള DR കല്ല് കെട്ടിന് DSR Code 60.7.1 ഉപയോഗിക്കുമ്പോൾ ₹3535.21/m3 രൂപ മാത്രമാണ് ചെലവ് വരിക. മുൻ വർഷങ്ങളിൽ സംരക്ഷണഭിത്തി നിർമ്മാണത്തിന്റെ എസ്റ്റിമേറ്റിൽ 60.7.1 എന്ന ഇനമാണ്

നൽകിയിരുന്നത്. അതിനാൽ ബോണ്ട് സ്റ്റോൺ ഉപയോഗിക്കാതെയുള്ള സംരക്ഷണഭിത്തി നിർമ്മാണത്തിനു DSR Code 60.7.1 എന്നതിലെ നിരക്കാണ് അംഗീകരിക്കാനാകുക.

ഈ രണ്ടു DSR നിരക്കുകൾ തമ്മിലുള്ള വ്യത്യാസം ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടമായി കണക്കാക്കുന്നു.

| DR കല്ല് കെട്ടിനു DSR Code 60.7.1 ഉപയോഗിച്ചിരുന്നെങ്കിൽ നൽകേണ്ട (M3 ന്) | Through/Bond Stone DR കല്ല് കെട്ടിനു ഉപയോഗിച്ചതായുള്ള നിരക്ക് -75.7.1 (M3 ന്) | അധികമായി നൽകുന്ന തുക (M3 ന്) (₹) |
|---|---|---|
| ₹3535.21 | ₹5988.21 | 5988.21-3535.21 = 2453 |

DR കല്ല് കെട്ടിന് Bond Stone ഉപയോഗിക്കുമ്പോൾ നൽകുന്ന ഉയർന്ന നിരക്കിന്റെ DSR സ്പെസിഫിക്കേഷൻ ചുവടെ ചേർക്കുന്നു.

Code 75.7.1

DRY RUBBLE MASONRY _ Dry Rubble Masonry With Hard Stone, Including Through/Bond Stone In Foundation And Superstructure Including Packing To Compactness To Lines And Levels, Cost And Conveyance Of All Materials Labour Charges Etc. Complete As Per Approved Drawing And Relevant Technical Specifications.

| Code | Dscription | Unit | Quantity | Rate | Amount |
|---|---|---|---|---|---|
| M-148 | Stone For RR Masonry | Cum | 1 | 1222.08 | 1222.08 |
| M-361 | Through Bond Stone (7 No's 0.24x0.24x0.39-0.16m3) | No | 7 | 52.75 | 369.25 |
| L-12 | Mate | Day | 0.12 | 617 | 74.04 |
| L-11 | Mason (Ist Class) | Day | 1.2 | 738 | 885.60 |
| L-29 | Mazdoor (Unskilled) | Day | 1.8 | 558 | 1004.40 |
| L-21 | Bhisti | Day | 0.08 | 617 | 49.36 |
| Total | | | | | 3604.73 |
| Add Overhead@10% | | | | | 360.47 |
| Total | | | | | 3965.20 |
| Add Contractors Profit @ 10% | | | | | 396.52 |
| Total | | | | | 4361.72 |
| Cost Index37.29% | | | | | 1626.49 |
| Total With Cost Index | | | | | 5988.21/m3 |

DR കല്ല് കെട്ടിനു ബോണ്ട് സ്റ്റോൺ ഉപയോഗിക്കാതെ നൽകാവുന്ന DSR Code 60.7.1 നുള്ള സ്പെസിഫിക്കേഷൻ ചുവടെ ചേർക്കുന്നു.

Code 60.7.1

DRY RUBBLE MASONRY _ Dry Rubble Without Concrete Levelling Course Masonry With Good Quality Blasted Rubble Including Packing To Compactness To Lines And Levels Cost And Conveyance Of All Materials Labour Charges Etc. Complete As Per Direction Of Departmental Officers At Site.

| Code | Dscription | Unit | Quantity | Rate | Amount |
|---|---|---|---|---|---|
| 1157 | Stone For Masonry Work | Cum | 1.05 | 1100 | 1155 |
| 2215 | Carriage Of Soiling Stone And Masonry Stone | Cum | 1.05 | 122.08 | 128.18 |
| 0125 | Mason (Second Class) | Day | 0.8 | 679 | 543.20 |
| 0114 | Beldar | Day | 0.7 | 558 | 390.60 |
| Total | | | | | 2216.98 |

| | |
|---|---|
| Add Water Charges @ 1% | 22.17 |
| Total | 2239.15 |
| Add Contractors Profit, Overhead Charge @ 15% | 335.87 |
| Total | 2575 |
| Cost Index 37.29% | 960.21 |
| Total With Cost Index | 3535.21/m3 |

DR കല്ല് കെട്ടിന് DSR (75.7.1) Through/Bond Stone എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുകയും എന്നാൽ പരിശോധനയിൽ ഇത് ഉപയോഗിച്ചിട്ടില്ല എന്ന ബോദ്ധ്യപ്പെട്ട 139/2022-23, മുളയ്ക്കൽപ്പടി അരീക്കൽ കുരിശ്ശടി റോഡ് സംരക്ഷണഭിത്തി നിർമ്മാണത്തിന് 26458 രൂപ നഷ്ടം വന്നിട്ടുണ്ട്. ഓഡിറ്റിനു പരിശോധിക്കാൻ കഴിയാതെയുമുള്ള മറ്റ മൂന്ന് പ്രവൃത്തികളുടേയും (ക്രമ നം 2,3,4) വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ഈ പ്രവൃത്തികളിൽ ബോണ്ട് സ്റ്റോൺ ഉപയോഗിച്ചെങ്കിൽ അസിസ്റ്റന്റ് എഞ്ചിനീയർ ഓഡിറ്റിനു മറുപടി നൽകേണ്ടതാണ്.

| ക്രമ നം | പ്രൊജക്റ്റ് നം/പേര് | ഫണ്ട്,<br>ബിൽ തുക,<br>ബിൽ നമ്പർ /തീയതി | DSR 2018 -75.7.1 (Through/Bond Stone) പ്രകാരം എസ്റ്റിമേറ്റിൽ നൽകിയ നിരക്ക്<br>(M3x5988.21)<br>(A) | DSR 2018 (60.7.1) പ്രകാരം നൽകാവുന്ന നിരക്ക്<br>(M3 X3535.21)<br>(B) | എം ബുക്ക് പ്രകാരം നൽകിയ തുക കണക്കാക്കിയുള്ള നഷ്ടം<br>(ക്വോട്ട് ചെയ്ത നിരക്ക് - B) |
|---|---|---|---|---|---|
| 1 | 139/2022-23,<br>മുളയ്ക്കൽപ്പടി അരീക്കൽ കുരിശ്ശടി റോഡ് സംരക്ഷണഭിത്തി | മെയിന്റനൻസ് ഗ്രാന്റ് (റോഡ്) -<br>₹151118<br>(ബിൽ നം.332/10.03.2023) | 25.957x5988.21<br>= 155436 | 25.957x3535.21<br>= 91763 | 118131- 91763<br>= 26458<br>(25.957 M3x 4551.04<br>= 118131) |
| 2 | 57/2022-23,<br>ഖാദി ബോർഡ് മതിലിട്ടത്തറ ലക്ഷംവീട് കോളനി റോഡിൽസംരക്ഷണ ഭിത്തി. | മെയിന്റനൻസ് ഗ്രാന്റ് (റോഡ്) -<br>131622<br>(ബിൽ നം. 24/30.06.2022)<br>തനതു ഫണ്ട് - 16171 | 19.8x5988.21<br>= 118567 | 19.8x3535.21<br>= 69997 | 118567 - 69997<br>= 48570<br>(19.8 M3x 5988.21<br>= 118567) |
| 3 | 131/ 2022-23,<br>തുമ്പോന്തറ ഇഞ്ചക്കുഴി റോഡ് സംരക്ഷണഭിത്തി | മെയിന്റനൻസ് ഗ്രാന്റ് (റോഡ്) -<br>₹84335<br>(ബിൽ നം.286/23.02.2023) | 12.941x5988.21<br>= 77493 | 12.941x3535.21<br>= 45749 | 65093- 45749<br>= 19344<br>(12.941 M3 X5030<br>= 65093) |
| 4 | 60/2022-23,<br>കെട്ടിടത്തിൽപ്പടി അങ്കണവാടി പുതിയത്ത് റോഡ് സൈഡ് കെട്ട് | മെയിന്റനൻസ് ഗ്രാന്റ് (റോഡ്) -<br>₹132798<br>(ബിൽ നം.150/22.12.2022) | 16.9x5988.21<br>= 101201 | 16.9x3535.21<br>= 59745 | 101201 - 59745<br>= 41456<br>(416.9 M3 X5988.21<br>= 101201) |

മേൽ അപാകതകൾക്ക് അടിയന്തിരമായി ഓഡിറ്റിനു വിശദീകരണം നൽകണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർക്കു ഓഡിറ്റ് എൻക്വയറി (നം.16/2022-23; 18-09-2023)

നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയില്ല. നേരിട്ട് നടത്തിയ പരിശോധനയിൽ ബോണ്ട് സ്റ്റോൺ ഉപയോഗിക്കാതെയുള്ള പ്രവൃത്തിയിൽ (ക്രമ നം -1) അധികം നൽകിയ തുകയായ 26458 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. മറ്റ് മൂന്ന് പ്രവൃത്തികളിലും കൂടി നൽകിയ തുക 109370 (ക്രമ നം -2,3,4) പരിശോധിക്കാൻ കഴിയാത്തതിനാൽ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഈ പ്രവൃത്തികളിന്മേൽ ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥർ പരിശോധന നടത്തി ഓഡിറ്റിനു റിപ്പോർട്ട് നൽകി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## 1-25 ടേക്ക് എ ബ്രേക്ക് കെട്ടിടം. കഫേ കുടുംബശ്രീ കെട്ടിടം വൈദ്യുതീകരിക്കാത്തതിനാൽ പൊതുജനങ്ങൾക്ക് പ്രയോജനപ്പെടുന്നില്ല

ഇതിനോടകം 13 ലക്ഷത്തോളം രൂപ ചെലവഴിച്ച് ഇലന്തൂർ സ്റ്റേഡിയത്തിനടുത്ത് നിർമ്മിച്ച ടേക്ക് എ ബ്രേക്ക് കെട്ടിടവും അനുബന്ധമായി നവീകരിച്ച കുടുംബശ്രീ കെട്ടിടവും വൈദ്യുതി കണക്ഷൻ ലഭ്യമല്ലാത്തതിനാൽ പൊതുജനങ്ങൾക്ക് ഉപയോഗിക്കാനാകുന്നില്ല എന്നു വ്യക്തമായി.

സാമ്പത്തിക വർഷം ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ /പേര് | SO 28/2022-23, ഇലന്തൂർ സ്റ്റേഡിയത്തിനടുത്തുള്ള ടേക്ക് എ ബ്രേക്ക് കെട്ടിടം- കഫേ കുടുംബശ്രീ കെട്ടിട നവീകരണം |
| ഫണ്ട് വകയിരുത്തിയത് | ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 274615<br>കേന്ദ്രാവിഷ്കൃത ഫണ്ട് - 568400<br>ബ്ലോക്ക് പഞ്ചായത്ത് - 100000<br>ആകെ - 943015 |
| ചെലവഴിച്ചത് | ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 274615 (ബിൽ നം. 110/30.11.2022)<br>കേന്ദ്രാവിഷ്കൃത ഫണ്ട് - 386916<br>ബ്ലോക്ക് പഞ്ചായത്ത് - 100000<br>ആകെ - 761531 |
| എഗ്രിമെന്റ് നമ്പർ | 67/19.02.2021 |
| കരാറുകാരൻ | ഷാജി വി.ആർ. നീരാഞ്ജനം, ഇടപ്പരിയാരം P.O |



ഇലന്തൂർ സ്റ്റേഡിയത്തിനോട് ചേർന്ന് ബ്ലോക്ക് പഞ്ചായത്ത് 2016-17 ൽ 5 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ച ടോയ്ലെറ്റ് കോംപ്ലക്സ് നവീകരിക്കുന്നതിനും കുടുംബശ്രീയ്ക്ക് കഫേ കെട്ടിടത്തിനുമായി 2020-21 ൽ പദ്ധതി തയ്യാറാക്കുകയും 19.02.2021 ൽ ശ്രീ ഷാജി വി ആർ മായി കരാറിൽ (₹1213189) ഏർപ്പെടുകയും ചെയ്തു.

പദ്ധതിയുടെ എസ്റ്റിമേറ്റ് പ്രകാരവും റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരവും (നം. 59/10.03.2022) വൈദ്യുതീകരണത്തിനായി 52000 വകയിരുത്തിയിരുന്നു. ഓഡിറ്റ് നടത്തിയ പരിശോധനയിൽ വയറിംഗ് നടത്തിയിട്ടുണ്ടെങ്കിലും വൈദ്യുത കണക്ഷൻ ലഭിച്ചിട്ടില്ല എന്നു കണ്ടു. പദ്ധതിയുടെ ഇതുവരെയുള്ള ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | പ്രൊജക്റ്റ് നമ്പർ | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|
| 2020-21 | 241 | 1500000 | 0 |
| 2021-22 | 155 | 1500000 | 556985 |
| 2022-23 | 28 | 943015 | 761531 |
| ആകെ | | | 1318516 |

വൈദ്യുതീകരണത്തിനായി സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിനു ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് കൊണ്ട്

നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 13/16-09-2023) മറുപടിയായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2022-23 ൽ പദ്ധതി തയ്യാറാക്കിയിരുന്നെങ്കിലും (പ്രൊജക്ട് നം. 214/2022-23) നടപ്പാക്കാനായില്ല എന്നും പദ്ധതി 2023-24 ൽ സ്പിൽ ഓവറായി നടപ്പാക്കും എന്നും അറിയിച്ചു. ടേക്ക് എ ബ്രേക്ക് കെട്ടിടത്തിന്റെ വൈദ്യുതീകരണത്തിനായി കോഴഞ്ചേരി KSEB സെക്ഷനിൽ ഫീസടച്ച് തുടർനടപടികൾ സ്വീകരിച്ച് വരുന്നതായും സെക്രട്ടറി ഓഡിറ്റിന് മറുപടി നൽകി. വൈദ്യുതീകരണം പൂർത്തീകരിച്ച് എത്രയും വേഗം കെട്ടിടം പൊതുജനങ്ങൾക്ക് തുറന്ന് നൽകുന്നതിന് ഭരണസമിതി തുടർനിർദ്ദേശങ്ങൾ നൽകേണ്ടതാണ്.

## 1-26 MCF കെട്ടിടത്തിന് അധിക സൗകര്യമൊരുക്കുന്ന പദ്ധതി പൂർത്തീകരിച്ചില്ല.

MCF കെട്ടിടത്തിന് അധിക സൗകര്യമൊരുക്കുന്നതിനായി 2020-21 ൽ സംസ്ഥാനാവിഷ്കൃത ഫണ്ടിൽ നിന്നും 8.4 ലക്ഷം രൂപ വകയിരുത്തി പദ്ധതി ആവിഷ്കരിച്ചിരുന്നു. എന്നാൽ 09/2023 വരേയും ₹3.99 ലക്ഷം രൂപ മാത്രമെ ഈ പദ്ധതിയിൽ ചെലവഴിക്കാൻ കഴിഞ്ഞിട്ടുള്ളൂ. 18.02.2021 ൽ ടെണ്ടർ ചെയ്ത പദ്ധതി നാളിതുവരെയായിട്ടും പൂർത്തീകരിക്കാനായിട്ടില്ല. 2022-23 ൽ 2.5 ലക്ഷം രൂപയുടെ ബില്ലുകളാണ് കരാറുകാരന് നൽകിയത്. . നിലവിലുള്ള കെട്ടിടത്തോട് ചേർന്ന് കളക്ഷൻ റൂം , മാലിന്യങ്ങൾ വേർതിരിക്കുന്നതിനുള്ള മുറി, ഓഫീസ് മുറി എന്നിവ നിർമ്മിക്കുന്നതിനായിരുന്നു ഈ പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നത്. ഇവ നിർമ്മിച്ചിട്ടുണ്ടെങ്കിലും പ്രവർത്തനസജ്ജമാക്കിയില്ല. കെട്ടിടത്തിന്റെ ഫ്ലോറിംഗ് , വൈദ്യുതീകരണം എന്നിവ പൂർത്തീകരിച്ചിട്ടില്ല. ചെലവ് തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നമ്പർ /പേര് | 27/2022-23, MCF കെട്ടിടത്തിന്റെ നവീകരണം. |
| ഫണ്ട് വകയിരുത്തിയത് | ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 252000<br>കേന്ദ്രാവിഷ്കൃത ഫണ്ട് - 588000<br>ആകെ - 840000 |
| ചെലവഴിച്ചത് | ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 139659 (ബിൽ നം.395/24.03.2023)<br>കേന്ദ്രാവിഷ്കൃത ഫണ്ട് - 111179<br>ആകെ - 250838 |
| എഗ്രിമെന്റ് നമ്പർ | 68-19/02/2021 |
| കരാറുകാരൻ | ഷാജി വി.ആർ, നീരാഞ്ജനം, ഇടപ്പരിയാരം പി.ഒ |

പദ്ധതിയുടെ നാളിതുവരെയുള്ള ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | പ്രൊജക്ട് നമ്പർ | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|
| 2020-21 | 219 | 840000 | 0 |
| 2021-22 | 153 | 840000 | 148238 |
| 2022-23 | 27 | 840000 | 250838 |
| ആകെ | | | 399076 |

പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ 3.5.7 പ്രകാരം (സ.ഉ(കൈ) നം. 84/2022/തസ്വഭവ; 19-04-2022) നിർമ്മാണ പ്രവൃത്തികളുടെ പ്രൊജക്ട് തയ്യാറാക്കുമ്പോൾ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കണമെന്നും കെട്ടിട നിർമ്മാണം, അനുബന്ധ സൗകര്യങ്ങളായ ഇലക്ട്രിഫിക്കേഷൻ, പ്ലമ്പിംഗ് എന്നീ ഘടകങ്ങൾ ഉൾപ്പെടുത്തി ഒറ്റ പ്രൊജക്ട് ആയി വേണം തയ്യാറാക്കേണ്ടത്. എന്നാൽ ഈ പദ്ധതിയുടെ എസ്റ്റിമേറ്റിൽ ഓഫീസ് മുറിനിർമ്മിക്കുന്നുണ്ടെങ്കിലും വൈദ്യുതീകരണമോ പ്ലമ്പിംഗ് പ്രവർത്തികളോ ഉൾപ്പെടുത്തിയിട്ടില്ല.



ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ നിർമ്മിച്ച കെട്ടിടത്തിൽ പ്ലാസ്റ്റിക് മാലിന്യം ചാക്കുകളിൽ

സൂക്ഷിക്കുന്നതായി ബോദ്ധ്യപ്പെട്ടു. കെട്ടിടത്തോട് ചേർന്നുള്ള പരിസരങ്ങളിലും പ്ലാസ്റ്റിക് ചാക്കുകൾ സൂക്ഷിക്കുന്നുണ്ട്. ഹരിത കർമ്മസേനയുടെ പ്രവർത്തനത്തിനായി MCF കെട്ടിടത്തെ പ്രയോജനപ്പെടുത്താൻ സ്വീകരിച്ച തുടർനടപടികൾ ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ട് അസിസ്റ്റന്റ് എഞ്ചിനീയർക്ക് എൻക്വയറി (നം. 14/16.09.2023) നൽകിയിരു ന്നെങ്കിലും മറുപടി ലഭ്യമാക്കിയില്ല. കെട്ടിട നിർമ്മാണം അടിയന്തിരമായി പൂർത്തീകരിക്കുന്നതിനോടൊപ്പം വൈദ്യുതീകരണത്തിനുള്ള തുക കൂടി വകയിരുത്തി കെട്ടിടം പ്രവർത്തന സജ്ജമാക്കുന്നതിനു ഭരണസമിതിയുടെ സവിശേഷ ശ്രദ്ധ ഈ വിഷയത്തിലേക്ക് ഉണ്ടാകേണ്ടതാണ്.

## 1-27 അഗതി രഹിത കേരളം പദ്ധതി- ലക്ഷ്യം കൈവരിച്ചില്ല

നിലവിൽ ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടവരും എന്നാൽ സേവനത്തിന് തുടർന്നും അർഹരായവരെ കണ്ടെത്തി ഒരു ഏകീകൃത പദ്ധതി എന്ന നിലയിലാണ് അഗതിരഹിത കേരളം പദ്ധതി ആവിഷ്ക്കരിക്കപ്പെട്ടത്. 2013-ലെ ആശ്രയ രണ്ടാം ഘട്ട പദ്ധതിയുടെ തുടർച്ചയായി അർഹരായ കൂടുതൽ അംഗങ്ങളെ ഉൾപ്പെടുത്തിയാണ് ആശ്രയ പദ്ധതി അഗതിരഹിത കേരളം പദ്ധതിയായി രൂപാന്തരപ്പെട്ടത്. അഗതിരഹിത കേരളം പദ്ധതിയിൽ 81 അംഗങ്ങളാണുണ്ടായിരുന്നതെങ്കിലും 67 അംഗങ്ങളാണ് നിലവിലുള്ളത്

2019-20 മുതൽ 2022-23 വരെയായിരുന്നു പദ്ധതി കാലയളവ്. പ്രസ്തുത കാലയളവിൽ ആകെ 3392015രൂപയായിരുന്നു പദ്ധതിക്ക് ലഭിച്ച അടങ്കൽ തുക (ചലഞ്ച് ഫണ്ട്- 1544709രൂപ, വികസന ഫണ്ട്- 1469482 രൂപ, ബാങ്ക് പലിശ- 276913, കമ്പ്യൂട്ടർ ഫണ്ട്- 100911).

സേവനങ്ങളുടെ ആവശ്യകത ചുവടെ പറയും പ്രകാരമാണ്.

| ആവശ്യമായ സേവനങ്ങൾ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|
| ഭക്ഷണം | 81 |
| ചികിൽസ | 75 |
| വിദ്യാഭ്യാസം | 6 |
| വീട് | 23 |
| വീട് പനരുദ്ധാരണം | 26 |
| ഭൂമി | 0 |
| വൈദ്യുതി | 0 |

2019-20 മുതൽ 2022-23 വരെയുള്ള കാലയളവിൽ പ്രോജക്റ്റിന് ലഭിച്ച തുക ചുവടെ പറയും പ്രകാരമാണ്

| `ക്രമ നം | ഫണ്ടിനം | മുൻ നീക്കിയിരിപ്പ് | 2019-20 | 2020-21 | 2021-22 | 2022-23 | ആകെ |
|---|---|---|---|---|---|---|---|
| 1 | ചലഞ്ച് ഫണ്ട് | 0 | 767183 | | | 777526 | 1544709 |
| 2 | പ്ലാൻ ഫണ്ട് | 619482 | 275000 | 200000 | 200000 | 175000 | 1469482 |
| 3 | ബാങ്ക് പലിശ | 239451 | 27335 | 9430 | - | 697 | 276913 |
| 4 | കമ്പ്യൂട്ടർ ഫണ്ട് | 100911 | | | | | 100911 |
| | ആകെ | 959844 | 1069518 | 209430 | 200000 | 953223 | 3392015 |

പദ്ധതി പ്രവർത്തനങ്ങൾക്കായി 2019-20 മുതൽ 2021-22 വരെയുള്ള കാലയളവിൽ ചലഞ്ച് ഫണ്ട്, പ്ലാൻ ഫണ്ട്, ബാങ്ക് പലിശ എന്നീ ഇനങ്ങളിൽ ലഭ്യമായത് 3392015 രൂപ മാത്രമാണ്. ഇതിൽ 959844 രൂപ മുൻ ബാക്കിയായി ലഭിച്ച തുകയാണ്.

പദ്ധതി കാലയളവിൽ ചെലവഴിക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ ചുവടെ പറയും പ്രകാരമാണ്.

| സേവന വിവരം | ചലഞ്ച് ഫണ്ട് & മറ്റ് ഫണ്ടുകൾ | പ്ലാൻ ഫണ്ട് | പലിശ | ആകെ |
|---|---|---|---|---|
| ഭക്ഷണം | 1544709 | 107297 | 37462 | 1689468 |
| ചികിൽസ | - | - | - | - |
| വീട് നിർമ്മാണം | - | 800000 | - | 800000 |
| വീട് പുനരുദ്ധാരണം | - | - | - | - |
| ആർ.പി ഹോണറേറിയം | 8810 | | | 8810 |
| മറ്റിനങ്ങൾ | 101101 | | - | 101101 |
| ആകെ | 1654620 | 907297 | 37462 | 2599379 |

പദ്ധതി പ്രകാരം നടന്ന ഏക കാര്യക്ഷമമായ പ്രവർത്തനം അഗതികൾക്ക് ഭക്ഷണവിതരണം നടത്തി എന്നത് മാത്രമാണ്. 23 ഗുണഭോക്താക്കൾക്ക് വീട് ആവശ്യമായിരുന്നെങ്കിലും രണ്ട് പേർക്ക് മാത്രമാണ് വീട് നൽകിയത്. 26 പേർക്ക് വീട് മെയിന്റനൻസ് ആവശ്യമായിരുന്നെങ്കിലും ആർക്കും നൽകിയില്ല. ചികിൽസാ സഹായം, വിദ്യാഭ്യാസ സഹായം എന്നിവയും ഗുണഭോക്താക്കൾക്ക് നൽകിയിട്ടില്ല. വകയിരുത്തിയ ഫണ്ട് പൂർണ്ണമായും ലഭ്യമായില്ലെങ്കിലും ലഭിച്ച ഫണ്ട് ചെലവഴിക്കപ്പെട്ടിട്ടില്ല

എന്നുള്ളത് വളരെ ഗൗരവതരമായ ഒരു വിഷയമാണ്. സഹായത്തിന് അർഹരായ ഗുണഭോക്താക്കൾ ഉണ്ടായിരുന്നെങ്കിലും ആയത് ഉറപ്പുവരുത്തുന്നതിന് കുടുംബശ്രീക്ക് സാധിച്ചില്ല.

31-03-2023-ൽ 792636 രൂപ കുടംബശ്രീ അക്കൗണ്ടിൽ അവശേഷിക്കുന്നുണ്ട്. ചലഞ്ച് ഫണ്ടിനത്തിൽ ലഭിച്ച തുക പൂർണ്ണമായും ചെലവഴിച്ചു. പദ്ധതിക്കായി പ്ലാൻ ഫണ്ടിനത്തിൽ 1469482 രൂപ (മുന്നിരിപ്പ് ഉൾപ്പെടെ) ലഭിച്ചുവെങ്കിലും 907297 രൂപ മാത്രമാണ് ചെലവഴിക്കപ്പെട്ടത്. പ്ലാൻ ഫണ്ട് വിനിയോഗിച്ച് നൽകാൻ കഴിയുമായിരുന്ന വീട് , വീട് മെയിന്റനൻസ് എന്നിവ ഗുണഭോക്താക്കൾക്ക് അനുവദിക്കപ്പെടാതിരുന്നത് മൂലമാണ് ഇപ്രകാരം സംഭവിച്ചത്. സർക്കാർ ഫണ്ട് ചെലവഴിക്കപ്പെടാതെ കുടുംബശ്രീ അക്കൗണ്ടിൽ അവശേഷിക്കുന്ന വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. പദ്ധതി തുടർന്നുവരുന്ന സാഹചര്യത്തിൽ ഗുണഭോക്താക്കൾക്ക് അർഹമായ സഹായങ്ങൾ ഉറപ്പുവരുത്തുന്നതിനും പദ്ധതിപ്പണം ചെലവഴിക്കുന്നതിനും കുടുംബശ്രീയുടെയും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും ഭാഗത്തുനിന്നും അനുഭാവപൂർണ്ണമായ ഇടപെടലുകൾ ഉണ്ടാകേണ്ടതും നിർവ്വഹണ പുരോഗതി ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-28 ലൈബ്രറി സെസ് അടവാക്കിയില്ല

ഗ്രാമപഞ്ചായത്തുകളിലെ വസ്തുനികുതിയോടൊപ്പം ലൈബ്രറി സെസ് ഇനത്തിൽ പിരിച്ചെടുക്കുന്ന തുക രണ്ട് ഗഡുക്കളായി കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ അടവാക്കേണ്ടതാണ്. ആദ്യ ഗഡു ഏപ്രിൽ 30- നകവും രണ്ടാം ഗഡു നവംബർ 30- നകവും അടവാക്കേണ്ടതാണ്. ഇതിൽ വീഴ്ച്ച വരുത്തുന്ന പക്ഷം അത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യതയായി കണക്കാക്കുന്നതും ഈ കാലയളവിലെ പലിശ സെക്രട്ടറിയുടെ പക്കൽ നിന്നും ഈടാക്കുന്നതുമാണെന്ന് സർക്കുലർ നമ്പർ.10088/എൽ 3/05/ത.സ്വ.ഭ.വ തീയതി 20-09-2015 പ്രകാരം സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രികയിലെ ഷെഡ്യൂൾ ബി-9 പ്രകാരം 133146 രൂപ ലൈബ്രറി സെസ് ഇനത്തിൽ ബാധ്യതയായി കാണിച്ചിരുന്നു. എന്നാൽ പ്രസ്തുത തുക നിലവിലും അടവാക്കിയിട്ടില്ല. 2021-22 വർഷം ലൈബ്രറി സെസ് ഇനത്തിൽ പിരിച്ചെടുത്ത 203399 രൂപ ചെക്ക് നമ്പർ 10352 തീയതി 27-05-2022 പ്രകാരവും 01-04-2022 മുതൽ 30-09-2022 വരെ പിരിച്ചെടുത്ത 73636 രൂപ ചെക്ക് നമ്പർ 816144 തീയതി 25-02-2023 പ്രകാരവും കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ അടവാക്കിയിരുന്നെങ്കിലും തുക കൈപ്പറ്റിയത് സംബന്ധിച്ച രേഖകൾ ലഭിച്ചിട്ടില്ല. ആയത് അടിയന്തിരമായി ലൈബ്രറി കൗൺസലിൽ നിന്നും വാങ്ങി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. കൂടാതെ ലൈബ്രറി സെസ് ഇനത്തിൽ അടവാക്കാനുള്ള 133146 രൂപ അടിയന്തിരമായി അടവാക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-29 അങ്കണവാടി കെട്ടിടത്തിന്റെ വയറിംഗ്, വൈദ്യുതീകരണം എന്നിവ നടപ്പായില്ല.

വനിത വിപണനകേന്ദ്രമായി വിഭാവനം ചെയ്ത് ജില്ലാ പഞ്ചായത്ത് ഫണ്ട് ചെലവഴിച്ച് നിർമ്മിച്ച കെട്ടിടം നിലവിൽ അങ്കണവാടിയായി പ്രവർത്തിക്കുന്നതായി ഓഡിറ്റ് നടത്തിയ പരിശോധനയിൽ വ്യക്തമായി. എന്നാൽ ഇതിനോടകം 9.14 ലക്ഷം രൂപ ചെലവഴിച്ച കെട്ടിടത്തിന്റെ ചുറ്റുമതിൽ . വൈദ്യുതീകരണം എന്നിവ ഇനിയും നടപ്പാക്കിയില്ല. 2019-20 മുതൽ നിർമ്മാണം നടത്തുന്ന ഈ കെട്ടിടത്തിന്റെ പൂർത്തീകരണം നാല് സാമ്പത്തിക വർഷം കഴിഞ്ഞിട്ടും നടപ്പായില്ല എന്നത് പദ്ധതി നിർവ്വഹണത്തിലെ വീഴ്ചയാണ്.



ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നമ്പർ /പേര് | SO 25/2022-23,പട്ടികജാതി വനിതകൾക്ക് തൊഴിൽ പരിശീലനം, ഉൽപ്പന്ന വിപണന കേന്ദ്രം |
| ഫണ്ട് വകയിരുത്തിയത് | ജില്ലാ പഞ്ചായത്ത് വിഹിതം - 388651 |
| ചെലവഴിച്ചത് | ₹272975 ( ബിൽ നം.86/25.08.2022) |
| എഗ്രിമെന്റ് നമ്പർ | 56/2018-19; 10.01.2019 |
| കരാറുകാരൻ | സജിത്ത് കെ, ഓതിരേത്ത് അടിമുറി, നീർവിളാകം പി.ഒ |

2018-19 ൽ പദ്ധതി നടപ്പാക്കുന്നതിനായി ടെണ്ടർ ക്ഷണിക്കുകയും എഗ്രിമെന്റിൽ ഏർപ്പെടുകയും ചെയ്തിരുന്നു.

ജില്ലാപഞ്ചായത്ത് വിഹിതമായി 10.40 ലക്ഷം രൂപയാണ് പദ്ധതിയ്ക്ക് വകയിരുത്തിയിരുന്നത്. ഫയൽ പരിശോധിച്ചതിൽ നിന്നും 2019-20 ൽ തുടങ്ങിയ പദ്ധതിയുടെ അവസാന ബിൽ 2022-23 ലും നൽകിയിട്ടില്ല എന്ന് കണ്ടു. നാളിതുവരെ ഈ പദ്ധതിയ്ക്കായി വകയിരുത്തിയതും വിനിയോഗിച്ചതുമായി തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | പ്രൊജക്റ്റ് നമ്പർ | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|
| 2018-19 | 199 | 1040000 | 0 |
| 2019-20 | 178 | 1040000 | 468342 |
| 2020-21 | 20 | 571658 | 173007 |
| 2021-22 | 145 | 398651 | 0 |
| 2022-23 | 25 | 398651 | 272975 |
| ആകെ | | | 914324 |

വാർഡ് - 3 ൽ LED ലൈറ്റുകളുടെ നിർമ്മാണം എന്ന വ്യാവസായിക ലക്ഷ്യം കൂടി കൈവരിക്കുന്നതിനായിരുന്നു കെട്ടിട നിർമ്മാണം ഉദ്ദേശിച്ചിരുന്നത്. കെട്ടിടത്തിനു ഇലക്ട്രിഫിക്കേഷൻ , ചുറ്റുമതിൽ എന്നിവ ഉൾപ്പെടുത്തി റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുകയും ഇതിന് ബ്ലോക്ക് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അംഗീകാരം ലഭിക്കുകയും ചെയ്തിരുന്നു (നം. 45/15-02-2022) . ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ കെട്ടിട നിർമ്മാണം പൂർത്തീകരിച്ചെങ്കിലും വൈദ്യുതി കണക്ഷൻ ലഭ്യമാക്കിയിട്ടില്ല എന്ന് ബോദ്ധ്യപ്പെട്ടു. വയറിംഗും നടത്തിയിട്ടില്ല.

പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ 3.5.7 പ്രകാരം (സ.ഉ(കൈ) നം. 84/2022/തസ്വഭവ; 19-04-2022) നിർമ്മാണ പ്രവൃത്തികളുടെ പ്രൊജക്റ്റ് തയ്യാറാക്കുമ്പോൾ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കണമെന്നും കെട്ടിട നിർമ്മാണം, അനുബന്ധ സൗകര്യങ്ങളായ ഇലക്ട്രിഫിക്കേഷൻ, പ്ലമ്പിംഗ് എന്നീ ഘടകങ്ങൾ ഉൾപ്പെടുത്തി ഒറ്റ പ്രൊജക്റ്റ് ആയി വേണം തയ്യാറാക്കേണ്ടത്.

നിലവിൽ ഈ കെട്ടിടത്തിൽ 117 ാം നമ്പർ അങ്കണവാടി പ്രവർത്തിക്കുന്നുണ്ട് . കെട്ടിടത്തിന്റെ വയറിംഗ് നടക്കാത്തതിനാൽ ഫാൻ, ലൈറ്റ് എന്നിവ ഈ അങ്കണവാടിയിൽ ഇല്ല. കെട്ടിടത്തിനോട് ചേർന്ന് ഒരു ട്രാൻസ്ഫോർമർ കൂടിയുണ്ട്. ചുറ്റുമതിൽ ഇല്ലാത്തതിനാൽ ഇത് അങ്കണവാടി കുട്ടികളുടെ സുരക്ഷയെ ബാധിക്കാം.

ഇലക്ട്രിഫിക്കേഷൻ നടപടികൾ പൂർത്തീകരിക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിനു ലഭ്യമാക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.12/16-09-2023) അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി ലഭ്യമാക്കിയില്ല. റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരമുള്ള ചുറ്റുമതിൽ , വൈദ്യുതീകരണം എന്നിവ കരാർ പ്രകാരം പൂർത്തീകരിക്കുന്നതിന് ഭരണസമിതി തുടർ നിർദ്ദേശങ്ങൾ നൽകേണ്ടതും കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-30 മരുന്ന് പൂർണ്ണമായും ലഭ്യമായില്ല

കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലേക്കും ഗവ. ഹോമിയോ ഡിസ്പെൻസറിയിലേക്കും മരുന്ന് വാങ്ങുന്നതിനായി യഥാക്രമം മെഡിക്കൽ ഓഫീസർ (പി.എച്ച്.സി), മെഡിക്കൽ ഓഫീസർ(ഹോമിയോ) എന്നിവർ നടപ്പാക്കിയ പദ്ധതികൾ പ്രകാരം ഒടുക്കിയ തുകയുടെ മരുന്ന് പൂർണ്ണമായും ലഭ്യമായില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | ഒടുക്കിയ തുക | ബിൽ നമ്പർ, തീയതി | ലഭിച്ച മരുന്ന് | ലഭിയ്ക്കാൻ അവശേഷിക്കുന്നത് |
|---|---|---|---|---|---|
| 1 | പാലിയേറ്റിവ് കെയർ - മരുന്നും ഉപകരണങ്ങളും S9/23 | 658100 | BRN 1105222/ 28.1.23 | 324332 | 333768 |
| 2 | ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ | 300000 | 5/ 22-23 / 8.3.23 | 135545 | 164455 |

ബാക്കി മരുന്ന് ലഭ്യമാക്കുന്നതിന് സ്വീകരിച്ച് വരുന്ന നടപടികൾ പൂർത്തീകരിച്ചശേഷം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പാർശ്വഭിത്തി നിർമ്മാണത്തിന് ബോണ്ട് സ്റ്റോൺ - അധിക പ്രതിഫലം നൽകി

DR കല്ല് കെട്ടിന് DSR (75.7.1) Through/Bond Stone എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുകയും എന്നാൽ പരിശോധനയിൽ ഉപയോഗിച്ചിട്ടില്ല എന്ന ബോദ്ധ്യപ്പെടുകയും ചെയ്ത 139/2022-23, മുളയ്ക്കൽപ്പടി അരീക്കൽ കുരിശ്ശടി റോഡ് സംരക്ഷണഭിത്തി നിർമ്മാണം എന്ന പ്രവൃത്തിയ്ക്ക് അധിക പ്രതിഫലം നൽകിയ ഇനത്തിൽ ₹26458 രൂപ നഷ്ടം ഉണ്ടായിട്ടുള്ളത് ഓഡിറ്റിൽ നിരാകരിച്ചിട്ടുണ്ട്. മറ്റ് മൂന്ന പ്രവൃത്തികൾ സംബന്ധിച്ച് ഓഡിറ്റിനു നേരിട്ട് പരിശോധിക്കാൻ സാധിക്കാത്തതിനാൽ ₹109370 രൂപ തടസ്സപ്പെടുത്തിയിട്ടുമുണ്ട്. വിശദാംശങ്ങൾക്ക് ഖണ്ഡിക 1-24 കാണുക.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 158280 | വന്യമൃഗങ്ങളിൽ നിന്നും കൃഷി സംരക്ഷിക്കൽ (73/23) | 158280 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 147000 | നെൽകൃഷി വികസനം (93/23) | 147000 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 740000 | ലൈഫ് ഭവന പദ്ധതി-ജനറൽ(116/23) | 740000 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 272975 | എസ്.സി വനിതകൾക്ക് തൊഴിൽ പരിശീലന കേന്ദ്രം (25/23) | 272975 | 0 |
| ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് | 91600 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പും ബത്തയും(85/23) | 91600 | 0 |
| ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് | 59460 | വന്യമൃഗങ്ങളിൽ നിന്നും കൃഷി സംരക്ഷിക്കൽ (73/23) | 59460 | 0 |
| ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് | 200000 | ലൈഫ് ഭവന പദ്ധതി-ജനറൽ (114/23) | 200000 | 0 |
| ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് | 75000 | ആശ്രയ (9/23) | 75000 | 0 |
| ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് | 120000 | ലൈഫ് ഭവന പദ്ധതി-എസ്.സി.പി (116/23) | 120000 | 0 |
| ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് | 100000 | ടേക്ക് എ ബ്രേക്ക് (28/23) | 100000 | 0 |
| ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് | 96548 | അനുപൂരക പോഷകാഹാരം (1/23) | 96548 | 0 |
| ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് | 65250 | സാന്ത്വന പരിചരണം (9/23) | 65250 | 0 |

### 4-2 നിക്ഷേപ പ്രവൃത്തികൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ (66/23) | 69974/- | 0 | 69974/- |
| കെ.എസ്.ഇ.ബി | എട്ടാം വാർഡിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ (8/23) | 60676/- | 0 | 60676/- |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ഉദ്ദേശ്യം | ലഭിച്ച വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി-കെ.യു.ആർ.ഡി.എഫ്.സി വായ്പ | 400000 | - 260000 | 1001185 | -- | - 1261185 |

ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ വാർഷിക ധനകാര്യ പത്രിക, ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, ലോൺ രജിസ്റ്റർ എന്നിവ പ്രകാരം 1261185 രൂപ അധികമായി തിരിച്ചടച്ചിട്ടുണ്ട്.

## 4-5 സ്ഥിരനിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ.

| സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| 2016-17 | 2-1 | വസ്തുനികുതി പിരിവ് കാര്യക്ഷമമല്ല | പരാമർശം നിലനിൽക്കുന്നു |
| 2016-17 | 2-8 | തൊഴിൽനികുതി പിരിവ് സംബന്ധിച്ച് | പരാമർശം നിലനിൽക്കുന്നു. |

## 4-8 ചാർജ്ജ് / സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് മുന്നിരിപ്പ് ഉൾപ്പെടെ | ₹152970048 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹163281550 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹26,458 |

| | |
|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹1,09,370 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | വ്യക്തമായ നഷ്ടം | | ഉത്തരവാദിയായ ആളുടെ പേര്, ഉദ്യോഗപ്പേര് |
|---|---|---|---|
| | ചാർജ് തുക | സർചാർജ് തുക | |
| 1-24 | | ₹26,458 | ശ്രീമതി ദീപ M.J, അസിസ്റ്റന്റ് എഞ്ചിനീയർ |
| ശ്രീ ആകെ | | ₹26,458 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-24 | ₹1,09,370 | ക്രമ നം 2- ₹48,570, ശ്രീമതി സീനാകുമാരി D, അസിസ്റ്റന്റ് എഞ്ചിനീയർ.<br>ക്രമ നം 3,4 -₹60,800, ശ്രീമതി ദീപ M.J, അസിസ്റ്റന്റ് എഞ്ചിനീയർ. |
| ആകെ | ₹109370 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ദീപ M.J,<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ,<br>ഇലന്തൂർ ഗ്രാമപഞ്ചായത്ത് | കരിമരത്തിനാൽ വീട്,<br>ഓാക്കൂർ,മല്ലശ്ശേരി പി.ഒ,<br>പത്തനംതിട്ട |
| ശ്രീമതി സീനാകുമാരി D,<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ,<br>ഉമ്പമൺ ഗ്രാമപഞ്ചായത്ത് | കൗസ്തുഭം, മങ്ങാരം P.O,<br>പന്തളം, പത്തനംതിട്ട |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2007-08<br>മുതൽ<br>2010-11 വരെ | എൽ.എഫ്.പി.റ്റി.എ.പി.6/40/13<br>തീയതി 22-03-2013 | 3 (3-1, 3-8, 3-9) |
| 2014-15 | കെ.എസ്.എ.പി.റ്റി.എ.പി.5/608/16<br>തീയതി 02-06-2016 | 4 (2-1, 3-1, 3-2,3-9) |
| 2015-16 | കെ.എസ്.എ.പി.റ്റി.എ.പി.5/55/17<br>തീയതി 13-02-2017 | 4 (2-6, 2-8, 3-4, 3-15) |
| 2017-18 | കെ.എസ്.എ.പി.റ്റി.എ.പി.5/1348/18 തീയതി<br>15-08-2018 | 1 (3-7) |
| 2018-19 | കെ.എസ്.എ.പി.റ്റി.എ.പി.5/780/19 | 1 (1-15) |

| | | |
|---|---|---|
| | തീയതി 17-09-2019 | |
| 2019-20 | കെ.എസ്.എ.പി.റ്റി.എ.പി.5/422/21<br>തീയതി 30-06-2021 | |
| 2020-21 | കെ.എസ്.എ.പി.റ്റി.എ.പി.5/ 350/22<br>തീയതി 04-05-2022 | |
| 2021-22 | കെ.എസ്.എ.പി.റ്റി.എ.പി.5/ 1168/22<br>തീയതി 18-11-2022 | |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പത്തനംതിട്ട.

# Annexure 1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 3/1 dated 15-07-2023 and submitted on 20-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the ELANTHOOR Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, the Annual Financial Statements give a true and fair view of the Financial result and Financial position of ELANTHOOR Grama Panchayat for the year 2022-2023

Date: 17/10/2023

Deputy Director
District Office Pathanamthitta
Kerala State Audit Department

## Audit Report appended to the Audit Certificate of ELANTHOOR Grama Panchayat for the Year 2022-2023.

**1.Major Observations**

Asset register is not comprehensive. The value of assets included in the balance sheet does not match with the asset register.

**2.Other Observations**

1) Ratios as mentioned in the kerala panchayathi raj accounting rules ,rule 62 was not submitted along with annual financial statement.

2) The details showing part payment in public works were not produced for audit. So the accuracy of amount shown is capital work in progress in the balance sheet cannot be verfied.

3) The differnce between opening balance and closing balance in cash flow statement doesnot match with the total cash flow as per cash flow statement

4) Lapses is making timely and accurate Demand entries of Tax and Non tax revenues.

5) The annual summary under property tax in sanchaya software does not match with the corresponding figures in annual financial statement.

6) Rs.77235 received under KILA training refund has been wrongly accounted in the liability head.

7) Demand entry under the head Rent is not accurate.

Deputy Director

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ ഇലന്തൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്